KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



# ജീവനം

## ഡിജിറ്റൽ മാസിക

ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ, മംഗലം

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS

# ജീവനം

## ഡിജിറ്റൽ മാസിക

2018-2019

**ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ**
**മംഗലം**

**ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം**

mangalam maga
Saturday, January 26, 2019 2:01:58 PM

## സന്ദേശം



ശ്രീനി ആർ. കൃഷ്ണൻ
ഹെഡ്മിസ്ട്രസ്സ്

പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ പ്രവർത്തിച്ചുവരുന്ന സാങ്കേതിക വിഭാഗമായി ലിറ്റിൽ കൈറ്റ്സി ന്റെ ആഭിമുഖ്യത്തിൽ 2018-19 അധ്യയന വർഷത്തിൽ ജീവനം എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുവാൻ തയ്യാറായതി ൽ എനിക്ക് ഏറെ അഭിമാനവും സന്തോഷവുമുണ്ട്. പാഠ്യ-പാഠ്യേതര രംഗത്ത് വിദ്യാലയത്തിൽ ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ട ങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥിയുടെയും അധ്യാപകന്റെ യും കല,ശാസ്ത്ര,സാങ്കേതികബോധനം പ്രകടിപ്പിക്കുന്നതിനുള്ള വേദിയായി ഈ മാഗസിൻ മാറട്ടെ എന്ന് ആശംസിക്കുന്നു.



mangalam maga
Saturday, January 26, 2019 2:01:58 PM

## സന്ദേശം

മംഗലം ഗവ. ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികൾ "ജീവനം" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. സാധാരണയായി സ്കൂൾ തലങ്ങളിൽ കണാറുള്ള കയ്യെഴുത്ത് മാഗസിനുകളിൽ നിന്നും ഭിന്നമായി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാനുള്ള ഈ ഉദ്യമം സർവ്വാത്മനാ അഭിനന്ദനാർഹമാണ്. നൈസർഗ്ഗിക വാസനകളെ അഭിവൃദ്ധിപ്പെടുത്താൻ വിവരസാങ്കേതികതയുടെ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നത്, കാലോചിതവും ദീർഘവീക്ഷണമുള്ളതുമായ ചുവടുവയ്പ്പാണ്. പൊതുവിദ്യാലയങ്ങൾ ഹൈടെക് ആകുന്ന സാഹചര്യത്തിൽ ഇതിന്റെ പ്രസക്തി പതിൻമടങ്ങാകുന്നു. ആയതിനാൽ ജീവനം അണിയിച്ചൊരുക്കിയ കുട്ടികൾക്കും കൈത്താങ്ങായ അധ്യാപകർക്കും മറ്റെല്ലാ അണിയറ പ്രവർത്തകർക്കും ഹൃദ്യമായ ആശംസകൾ

പ്രസന്നകുമാരി
പ്രിൻസിപ്പിൾ

## സന്ദേശം

മംഗലം ജി.എച്ച് എസിൽ നിന്നും ലിറ്റിൽ കൈറ്റ്സ് ആഭിമുഖ്യത്തിൽ ജീവനം ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. പുതിയ കാലത്തിനൊപ്പം വിദ്യാലയം മന്നോട്ട് എന്നതിന്റെ നിദർശനമാണ് ഈ സംരംഭം. എല്ലാവിധമായ ആശംസകൾ നേരുന്നു.

ബിമൽറോയ്
പിടിഎ പ്രസിഡന്റ്



mangalam maga
Saturday, January 26, 2019 2:01:59 PM

<u>സന്ദേശം</u>

ഗവ ഹയർസെക്കന്ററി സ്കൂൾ
മംഗലം ഡിസംബർ 17,2019

സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരളാ ഇൻഫ്രാക്സ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യൂക്കേഷന്റെ (നേതൃത്വത്തിൽ കമ്പ്യൂട്ടർ നിപുണത കൂടുതലുള്ള കുട്ടികളെ കണ്ടെത്തി ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ് സർക്കാർ നിർദ്ദേശമനുസരിച്ച് നമ്മുടെ സ്കൂളിലും വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബിന്റെ സ്കൂൾ തല ഉദ്ഘാടനം നടത്തുവാൻ അവസരം കിട്ടിയത് ഭാഗ്യമായി ഞാൻ കരുതുന്നു. കൈറ്റിന്റെ പ്രവർത്തനത്തിലൂടെ കേരളത്തിലെ ഭാവിതലമുറ സോഫ്റ്റ് വെയർ രംഗത്ത് ലോകോത്തര നിലവാരത്തിൽ ശ്രദ്ധയാകർഷിക്കുമെന്നതിൽ സംശയമില്ല. ലിറ്റിൽ കൈറ്റിന്റെ ഒന്നാം വർഷത്തിൽ തന്നെ നമ്മുടെ സ്കൂൾ യൂണിറ്റിന് ഒരു മാഗസിൻ ചെയ്യാൻ കഴിഞ്ഞതിൽ സന്തോഷം .സോഫ്റ്റ് വെയർ മുന്നേറ്റത്തെ അടയാളപ്പെടുത്തുന്ന പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച അറിവ് കുട്ടികൾക്ക് പകരാൻ ഈ മാഗസിന് കഴിയട്ടെ എന്ന് ആശംസിക്കന്നു. ഇതിന്റെ അണിയറ പ്രവർത്തകരെ അഭിനന്ദിക്കുന്നു.

എം.കെ റോയി
എസ്.എം.സി ചെയർമാൻ



mangalam maga
Saturday, January 26, 2019 2:01:59 PM




# എഡിറ്റോറിയൽ

## ഹൃദയമൊഴി

സാങ്കേതികതയും ,സർഗ്ഗാത്മകതയും സങ്കലനം ജീവനം. മരവും മണ്ണും മഴയും പുഴയും തീരവും.... സഹജീവി ഭാവത്തിന്റെ നേരറിവുകൾ തന്ന പ്രളയ പാഠങ്ങൾ. അതിജീവനത്തിന്റെ നൈർമ്മല്യം പകരുന്നു സ്വതന്ത്ര ചിന്തയുടെ , സഹജീവനത്തിന്റെ തിരിച്ചറിവുകൾ നമ്മിൽ വെളിച്ചമാകട്ടെ. ഉന്നതമായ നന്മകളെ നമിച്ചും ഉജ്ജ്വലമായ ചിന്തകളാൽ നയിക്കപ്പെട്ടു.. ജീവിതപ്പാതയിൽ നവോത്ഥാന മൂല്യങ്ങൾ ചേർത്തു പിടിച്ച് ഒപ്പം നടക്കാം. ഈ സർഗ്ഗസംരംഭത്തെ ഹൃദയത്തോട് ചേർത്തു നിർത്തിയ എല്ലാവരുമായും സന്തോഷം പങ്കുവയ്ക്കുന്നു.

അഞ്ജലി. എൽ,
എഡിറ്റർ



mangalam maga
Saturday, January 26, 2019 2:01:59 PM




# ഉള്ളടക്കം


## കവിത

21 വേർപ്പാടിന്റെ ദു:ഖം
നീതു എസ്. ബിജു

32 സ്നേഹ നിലാവ്
സി. എ. അമർനാഥ്

10 നന്മക്ക് നന്ദി
ശ്വേത

13 വൃദ്ധസദനങ്ങളിലേക്ക്
ശ്രീദേവി

31 സങ്കലനം
അനൂശ്രീ രാമദാസ്

## ലേഖനം

12 ഭിന്നശേഷിക്കാരായ കുട്ടികൾ
അജിത ടീച്ചർ

16 ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം
ആദിത്യ. എൽ

14 കൃഷിച്ചൊല്ലുകൾ
മിസ്‌രിയ

22 പൊതു വിദ്യാലയത്തിന്റെ മികവ്
ഷീബ ടീച്ചർ

26 ഗണിത ചൊല്ലുകൾ
അനൂശ്രീരാമദാസ്

25 ഗണിതശാസ്ത്രം പ്രായോഗിക മൂല്യങ്ങൾ
വിസ്മയ ലാലിമോൻ

17 ഭാഷയുടെ പരിണാമം സൈബർ ഇടത്തിൽ
ബിനു ടീച്ചർ

33 സ്റ്റുഡന്റ് പോലീസ്
ഹബീബ് റഹ്മാൻ

## ഓർമക്കുറിപ്പ്

27 സ്ലേറ്റ് പെൻസിൽ
കെ. മിനി ടീച്ചർ

## അനുഭവം

24 ഭയം, പരിശ്രമം, വിജയം
സാലിഹ എസ്സ്

29 കണ്ണേ മടങ്ങുക
അമീന

## മികവ്

30 കായിക മികവ്
ചന്ദ്രി ടീച്ചർ

## പുസ്തക വിശേഷം

11 ഈ കഥയിലുമുണ്ടൊരു മാജിക്
ആദിത്യ. എൻ




mangalam maga
Saturday, January 26, 2019 2:01:59 PM



**ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ**
**മംഗലം**

# ചരിത്രപഥം

ആമുഖം

തോട്ടപ്പള്ളി മുതൽ വലിയഴീക്കൽ വരെയുള്ള തീരദേശ മേഖലയിലെ വിദ്യലയങ്ങളിൽവെച്ച് ഏറ്റവും പ്രധാനസ്ഥാപനമാണ്. മംഗലം ഗവ ഹയർസെക്കന്ററി സ്കൂൾ ആയരിത്തിഅഞ്ഞൂറിൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനം ഇതര ഗവ ഹൈസ്കൂളുകളിൽ നിന്നും പഠനനിലവാരത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും വളരെ മുമ്പന്തിയിൽ നിൽക്കുന്നു. തീരദേശമേഖലയിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും കയർത്തൊഴിലാളികളുടെയും മക്കളാണ് ഈ വിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ഇതര ഗവ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുമ്പോഴും ഈ സ്ഥാപനത്തിൽ ഡിവിഷനുകൾ ഒന്നും നഷ്ടപ്പെടാതെ നിലനിൽക്കുന്നു.ംഗലം ഇടയ്ക്കാട് ജ്ഞാനേശ്വരം ക്ഷേത്രത്തോടടുത്ത് സ്ഥിതി ചെയ്യുന്നു ഈ സ്ഥാപനം പ്രകൃതിസൗന്ദര്യം കൊണ്ടും രമണീയമാണ്.

വിദ്യാലയത്തിന്റെ സ്ഥാനം

അറബിക്കടലിനും കായംകുളം കായലിനുമിടയ്ക്ക് തൃക്കുന്നപ്പുഴയ്ക്കും ആറാട്ടപുഴയ്ക്കും മധ്യേ ആറാട്ടുപഴ പഞ്ചായത്തിൽ ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്നു. വടക്ക് പല്ലന മുതലും തെക്ക് തറയിൽക്കടവ് വരെയും കിഴക്ക് കാർത്തികപ്പള്ളി വരെയുമുള്ള സ്ഥലങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഈ സ്കൂളിൽ പടിക്കുന്നു. തൃക്കുന്നപ്പുഴ ഗവ LPS,MTUPS, MU UPS, മംഗലം ഗവ LPS, St.സെബാസ്റ്റ്യൻസ് LPS,AP LPS, നെല്ലാണിക്കൽ, SKD UPS തറയിൽക്കടവ്, പനക്കൽ LPS എന്നിവ ഫീഡിംഗ് സ്കൂളുകളാണ്.



mangalam maga
Saturday, January 26, 2019 2:01:59 PM

# വിദ്യാലയസംക്ഷിപ്ത ചരിത്രം

ഈഴവരാദി പിന്നോക്ക സമുദായങ്ങൾക്ക് സ്കൂൾ വിദ്യാഭ്യാസം നിക്ഷേധിക്കപ്പെട്ടിരുന്ന കാലഘട്ടത്തിൽ 1802 ൽ ഈഴവക്കുടി പള്ളിക്കുടം എന്ന പേരിൽ ആരംഭിച്ച വിദ്യാലയമാണ് ഇന്ന് മംഗലം ഗവ. ഹയർസെക്കണ്ടറി സ്കൂളായിവളർന്ന് നിൽക്കുന്നത്. വളരെക്കാലം പ്രദേശത്തെ കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകിക്കൊണ്ടിരുന്ന ഈ സ്ഥാപനം 1854 ൽ സർക്കാർ ഏറ്റെടുത്ത അന്നുമുതൽ മംഗലം സർക്കാർ മലയാളം സ്കൂൾ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ലോവർ പ്രൈമിറ സ്കൂളായി തുടങ്ങിയ സ്ഥാപനം 1908ൽ ഏഴാം ക്ലാസുവരെയുള്ള യുപി സ്കൂളായി ഉയർത്തപ്പെട്ടു. തുടർന്ന് ശ്രീ. പട്ടംതാണുപിള്ള മുഖ്യനായ മന്ത്രിസഭയിലെ ഗതാഗതമന്ത്രിക്കും ഈ സ്ഥലവാസിയുമായിരുന്ന ശ്രീ. എ. അച്യുതൻ വക്കീലവർകളുടെ ശ്രമഫലമായി 1951-52 ൽ എട്ടാം ക്ലാസ്സും (4) 1952 -53 ൽ ഒൻപതാം ക്ലാസ്സും (5) 1953-54 ൽ പത്താം ക്ലാസ്സും (6) സർക്കാർ അനുവദിക്കുകയുണ്ടായി. അങ്ങനെ ആദ്യ എസ് .എസ്.എൽ. സി ബാച്ച് 1954 മാർച്ചിൽ പരീക്ഷയെഴുതി ഭേദപ്പെട്ട വിജയം കൈവരിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ വിജയശതമാനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽത്തന്നെയായരുന്നു. തുടക്കത്തിൽ ഹെഡ്മാസ്റ്ററുടെ ചാർജ്ജ് ശ്രീ. വാസുദേവപ്പണിക്കർ സാറിനായിരുന്നു (ചിങ്ങോലി) ഹൈസ്കൂൾ പൂർത്തിയായപ്പോൾ ആദ്യ ഹെഡ് മാസ്റ്ററായി ശ്രീ. ജോൺസാർ(മാവേലിക്കര) നിയമിതനായി.അദ്ദേഹം ഈ സ്കൂളിന്റെ അഭിവൃദ്ധിക്കുവേണ്ടി അഹോരാത്രം പ്രയത്നിച്ച മഹനീയ വ്യക്തിത്തിന്റെ ഉടമയാണ്. പൂർത്തിയാകാതിരുന്ന കെട്ടിടത്തിന്റെ പണി പൂർത്തീകരണത്തിന് ആവശ്യമായ പണം സംഭരിക്കുന്നതിനും സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം അച്ചടക്കം ഇവ ഉയർത്തുന്നതിനും വളരെയധികം ത്യാഗംസഹിച്ചിട്ടുണ്ട് വിലമതിക്കാൻ പറ്റാത്തത്ര സേവനമാണ് അദ്ദേഹം ഈ സ്കൂളിനും നാടിനും നൽകിയിട്ടുള്ളത്. മാനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽത്തന്നെയായരുന്നു. തുടക്കത്തിൽ ഹെഡ്മാസ്റ്ററുടെ ചാർജ്ജ് ശ്രീ. വാസുദേവപ്പണിക്കർ സാറിനായിരുന്നു (ചിങ്ങോലി) ഹൈസ്കൂൾ പൂർത്തിയായപ്പോൾ ആദ്യ ഹെഡ്മാസ്റ്ററായി ശ്രീ. ജോൺ സാർ (മാവേലിക്കര) നിയമിതനായി. അദ്ദേഹം ഈ സ്കൂളിന്റെ അഭിവൃദ്ധിക്കുവേണ്ടി അഹോരാത്രം പ്രയത്നിച്ച മഹനീയ വ്യക്തിത്തിന്റെ ഉടമയാണ്. പൂർത്തിയാകാതിരുന്ന കെട്ടിടത്തിന്റെ പണിപൂർത്തീകരണത്തിന് ആവശ്യമായ പണം സംഭരിക്കുന്നതിനും സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം അച്ചടക്കം ഇവ ഉയർത്തുന്നതിനും വളരെയധികം ത്യാഗം സഹിച്ചിട്ടുണ്ട്. വിലമതിക്കാൻ പറ്റാത്തത്ര സേവനമാണ് അദ്ദേഹം ഈ സ്കൂളിനും നാടിനും നൽകിയിട്ടുള്ളത്.




mangalam maga
Saturday, January 26, 2019 2:01:59 PM

## നന്മക്ക് നന്ദി

കടലിന്റെ മക്കളെ...,നിങ്ങൾ കാത്തു
ഒരായിരം ജീവിതങ്ങൾ,
പ്രളയ കയത്തിൽ
മുങ്ങിത്താഴുമ്പോൾ
ഒരു കൈത്താങ്ങായെത്തി
ത്യാഗികൾ, പോരാളികളാണ്
വൻ പ്രളയത്തിൽ പൊരുതി
നേടി നാടിൻ ജിവൽ സ്പന്ദനങ്ങൾ
നമിക്കുന്നു, നന്ദിചൊരിയുന്നു
നന്മനിറഞ്ഞ കടലിൻ മക്കളെ.

ശ്വേത 9c



## സഞ്ചയ ചൈതന്യങ്ങളെ

ആചാര്യരെ,
അധ്യാപകരെ....
അറിവിൻ അക്ഷയ
പുണ്യംനൽകി....
നിറവിൻ ദീപശിഖകൾ
ഇന്നലെ ഞങ്ങൾക്കേകി
അറിവാണാഗ്നി വെളിച്ചങ്ങൾ
ഇന്നും മുന്നിൽ പ്രഭയോടെ
ഞങ്ങടെ പാതതെളിയ്ക്കുന്നു.
എന്നും നേരുകൾ ചൊല്ലാനും
ഒന്നായി വഴി പോകാനും
നീതിക്കായി പൊരുതാനും
നന്മകളെന്നും പുലരാനും
ഞങ്ങളിലൂർജ്ജം പകരാനും
നല്ലൊരു നാളെക്കായീന്നേ
അധ്വാനിക്കും യുഗശില്പികളെ
അമരമനീഷികൾ നിങ്ങൾ!
ആദരണിയർ വന്ദിത
സഞ്ചയ തന്യങ്ങൾ ........

അനുശ്രീ രാമാലയം 9B



mangalam maga
Saturday, January 26, 2019 2:01:59 PM



# ഈ കഥയിലുമുണ്ടൊരു മാജിക്

ടെലിവിഷന് ചാനലുകളിലൂട കുട്ടികളുടേയും മുതിർന്ന വരുടേയും ജിവിതത്തെ ഒരുപോലെ ആ വേശത്തിന്റ മുൾമുനയിൽ നിർത്തിയ കലകാരനാണ് ഗോപിനാഥ് മതുകാട് . ജിവിതവിജയം കഥകളി ലൂടെയും അനുഭവങ്ങളിലൂടെയും മനുഷ്യമനസ്സുകളിലേക്ക് എത്തിക്കുന്ന ഒരു ഗുണപാഠമാണ് ഈ പുസ്തകം. ജീവിത യാത്രയ്ക്ക് ഇറങ്ങിയപ്പോള് ക ണ്ടും കേട്ടും അറിഞ്ഞും മനസ്സിലാക്കി കയറിക്കൂടിയ ചില കഥകളാണ് ഈ കഥയിലൂടെ അദ്ദേഹം പങ്കുവയ്ക്കുന്നത്. വിശന്നൊട്ടിയ രാവുകളില് അമ്പിളിയമ്മാവനെ കാട്ടി മാമുണ്ണിക്കുന്ന അമ്മ ഉരുട്ടിതന്ന സ്നേഹത്തിന്റെ നിറമുള്ള കഥകൾ.ദുസ്വപ്നങ്ങൽ പേടിപ്പെടുത്തിയ ഉറക്കമില്ലാത്ത രാത്രികൽളിൽ നെഞ്ചിന്റെ ചൂടുതന്ന് അച്ഛൻ ചെവിയിലോതി തന്ന അനുഭവങ്ങൾ... പുസ്തകങ്ങളുടെ ഭാരം കൊണ്ട് കണ്ണു നിറഞ്ഞ പ്പോൾ ക്ലാസ്സ് മൂറിയിൽ ഗുരുനാഥൻ പറഞ്ഞുതന്ന വലിയ വരുടെ വിചിത്രന്നേട്ടങ്ങളുടെ ഓർമപ്പെടുത്തലുകൾ ഇവയെല്ലാം തന്റെ ജീവിതത്തില് ഒരോ ചുവടുകളിലും നടന്ന പല സംഭവങ്ങൾ അതുമായി ബന്ധപ്പെട്ട കഥകളാണ് ഈ പുസ്തകം. ജീവിതത്തിലൂടെ മനസ്സിലാക്കിയ ഗുണപാഠങ്ങൾ നമ്മളിലേക്ക് പകർന്നു തരുന്നു. ശ്രീബുദ്ധന്റെയും, രവീന്ദ്ര നാഥ ടാഗോറിന്റെയും എ.പി.ജെ. അബ്ദുൾകലാമിന്റെയും ഒക്കെ ജീവിതവിജയങ്ങളുമായി തന്റെ ജീവിതത്തിൽ ഉണ്ടായ അനുഭവങ്ങൾ താരതമ്യം ചെയ്യുന്നു. സുഖ ദു:ഖങ്ങൾ അറിയുന്നവരുടെ കഥകളിലൂടെ വലിയവലിയ ഗുണപാഠങ്ങളാണ് നമുക്ക് ലഭിക്കുന്നത്.

അദിത്യ. N 9A



mangalam maga
Saturday, January 26, 2019 2:01:59 PM




# ഭിന്നശേഷിക്കാരായ കുട്ടികൾ: ജീവതം, അനുഭവം

മാനസികവും ശാരീരികവും ബുദ്ധിപരവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ നമ്മുടെ ചുറ്റുപാടിലുണ്ട്.പലപ്പോഴും ആ കുഞ്ഞുങ്ങളുടെയും അവരുടെ കുടുംബങ്ങളുടെയും അവസ്ഥ സമൂഹം അറിയാതെ പോകുന്നുണ്ട്. ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന്റെ (ശിരഹൗശ്ലെ ലറൗരമശേീ) ഭാഗമായി ഈ കുഞ്ഞുങ്ങൾ പൊതു വിദ്യാലയങ്ങളുടെ ഭാഗമായി തീർന്നിട്ടുണ്ട്.നമ്മുടെ സ്കൂളിന്റെ ചുറ്റുവട്ടത്തുള്ള ഏതാനും കുട്ടികളെ മാത്രമെ പരിചയപ്പെടാൻ കഴിഞ്ഞിട്ടുള്ളു.അവരെക്കുറിച്ചറിയാൻ ഒരു ശ്രമം നടത്തിപ്പോകുന്നു.മെന്റൽ റിട്ടാഡേഷൻ, സെറിബ്രൽപാൾസി എന്നീ വിഭാഗത്തിലെ കുട്ടികൾക്ക് എപ്പോഴും ശ്രദ്ധയും പരിചരണവും ആവശ്യമാണ്.എം.ആർ കുട്ടികളെ അവരുടെ അവസ്ഥയ്ക്കനുസരിച്ച് കൈകാര്യം ചെയ്യണം.അമ്മമാരാണ് അവരുടെ പൂർണ്ണ സംരക്ഷകർ. സെറിബ്രൽ പാൾസി ബാധിച്ച് കിടക്കയിൽ തന്നെ കഴിയേണ്ടി വരുന്ന കുട്ടികൾ അവരുടെ പുഞ്ചിരിക്കുന്ന മുഖം.നാം അവരെ സന്ദർശിക്കുമ്പോഴുണ്ടാകുന്ന സന്തോഷം അവ നമുക്ക് നൽകുന്ന ആനന്ദം അവർണ്ണനീയമാണ്. ഈ കുഞ്ഞുങ്ങളും കുടുംബങ്ങളുമായുള്ള ആത്മബന്ധംഎൻരെ ജീവിതത്തിലെ സൗഭാഗ്യങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്നു.

ഈ കുടുംബങ്ങൾ പൊതുവേ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരാണ്. മരുന്നും സാമ്പത്തിക ബുദ്ധിമുട്ടും കുട്ടികലുടെ വൈകല്യവുമെല്ലാം അവരെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു. പക്ഷേ അവരിലൊരാൾക്കും ജീവിതത്തെക്കുറിച്ച് പരിഭവങ്ങളോ പരാതികളോ ഇല്ല.അവരുടെ ആരുടെയും കണ്ണു നനയുന്നതോ സ്വയം പഴിക്കുന്നതോ ആയ മുഖം ഞാൻ കണ്ടിട്ടില്ല. നമ്മുടെ ജീവിതത്തിന്റെ സൗഭാഗ്യങ്ങലെ തിരിച്ചറിയാനും ഈശ്വരനെ ആശ്ലേഷിക്കാനും കഴിയണം. ജീവിതത്തെ സംതൃപ്തിയോടും നന്ദിയോടും നോക്കിക്കാണാനും പ്രാപ്തരാക്കുന്നു.

അജിത ടീച്ചർ



mangalam maga
Saturday, January 26, 2019 2:02:00 PM



# വൃദ്ധസദനത്തിലേക്ക്

അമ്മതൻ കണ്ണുനീർ വീണൊരീ ഭൂമി
ശാപമായി തീർന്നതല്ലേ
അന്നാ മാതാപിതാക്കൾ തേങ്ങിയത്
മക്കൾ തൻ ക്രൂരത ഓർത്തിട്ടല്ലേ
ജീവിത വേളയിൽ കൈത്താങ്ങായിരുന്നമ്മ
വൃദ്ധയായി മാറിയപ്പോൾ ശല്യമായമ്മ
സൗഭാഗ്യങ്ങളൊക്കെയും വെടിഞ്ഞമ്മ
തന്നുണ്ണിയെപ്പൊന്നുപോലെ നോക്കി
എന്നാലുണ്ണി വളർന്നു വലുതായി
അമ്മയെ വേണ്ടന്നു വച്ചിടുന്നു.
തോരാത്ത കണ്ണുമായ് തീരാത്ത വാക്കുമായ്
വൃദ്ധ സദനത്തിലേക്കുപോയമ്മ
ആയിരം പോറ്റമ്മ വന്നാലും പെറ്റമ്മ
ഒന്നുമതിയെന്റെ ജീവിതത്തിൽ
ഈ വാക്യം തിരിച്ചറിവു അമ്മതന്നുണ്ണി
വൃദ്ധ സദനത്തിൻ ഓരോ മുറികളിൽ
തേങ്ങലുമായമ്മ കഴിയവേ
എപ്പോഴും തൻ മക്കളെ സ്നേഹിപ്പാൻ
മനസ്സുതു വലുപ്പമുള്ളവർ തൻ മാതാപിതാക്കൾ

ശ്രീദേവി.



mangalam maga
Saturday, January 26, 2019 2:02:00 PM

# കൃഷിച്ചൊല്ലുകൾ

* ഉടമയുടെകണ്ണ് ഒന്നാന്തരം വളം

* കതിരിൽ വളം വച്ചിട്ടു കാര്യമില്ല

* അമരത്തടത്തിൽ തവള കരയണം.

* ആരിയൻ വിതച്ചാ വനര കൊയ്യാമോ

* ആഴത്തിൽ ഉഴുത് അകലത്തിൽ നടണം.

* ഇല്ല നിറ  വല്ലം നിറ പെട്ടി നിറ പത്തായംനിറ

* അടയ്ക്കയായാൽ  മടിയിൽ വയ്ക്കാം അടയ്ക്കാ മരമായാലോ

* അടുത്തു നട്ടാൽ അഴക്, അലത്തിൽ നട്ടാൽ വിളവ്

* ഉരിയരിക്കാരന് എന്നും ഉരിയരി തന്നെ

* ഉഴവിൽ തന്നെ  കള തീർക്കണം.

* എളിയവരും ഏത്തവാഴയും ചവിട്ടും തോറും തഴയ്ക്കും.

ഒരു വിള വിതച്ചാൽ പല വിത്തു വിളയില്ല.

* കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി.

* ചേറ്റിൽ കൈകുത്തിയാൽ ചോറ്റിൽ കൈകുത്താം

* ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴച്ചു

* തേവുന്നവൻ തന്നെ തിരിക്കണം.

* നട്ടാലേ നേട്ടമുള്ളു.

* നല്ല വിത്തോടു കള്ള വിത്തു വിതച്ചാൽ

നല്ല വിത്തും കള്ള വിത്താകും

* പടുമുളയ്ക്കു വളം വേണ്ട

* പതിരില്ലാതെ കതിരില്ല



mangalam maga
Saturday, January 26, 2019 2:02:00 PM

* പുഴു തിന്ന വിള മഴു കൊണ്ട് കെയ്യണം.
* പൊന്നാരം വിളഞ്ഞാൽ കതിരാവില്ല.
* മരമറിഞ്ഞ് കൊടിയിടണം.
* മുതിരക്കു മൂന്നുമഴ മുണ്ടകൻ മുങ്ങണം.

* തിന വിതച്ചാൽ തിന കൊയ്യാം വിന വിതച്ചാൽ വിന കൊയ്യാം.
* തുലാപ്പത്ത് കഴിഞ്ഞാൽ പിലാപ്പൊത്തിലും കിടക്കാം
* തൊഴുതുണ്ണുന്നതിനേക്കാൾ  നല്ലത് ഉഴുതുണ്ണുന്നത്.
* ധനം നിൽപ്പതു നെല്ലിൽ ഭയം നിൽപ്പതു തല്ലിൽ
* നല്ല തെങ്ങിനു നാൽപപതു മടൽ
* നവര വിതച്ചാൽ തുവര കായ്ക്കുമോ
* പത്ത് ചാലിൽ കുറഞ്ഞാരുംവിത്തു കണ്ടത്തിലിറക്കരുത്
* പൂട്ടുന്ന കാളയെന്തിനു വിതയ്ക്കുന്ന വിത്തറിയുന്നു
* മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല
* മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല
* മേടം തെറ്റിയാൽ മോടൻ തെറ്റി.
* എള്ളുണങ്ങുന്നത് കണ്ട്  നെല്ലുണങ്ങണോ
* എള്ളുണങ്ങുന്നത് എണ്ണയ്ക്ക് ,
കുറുഞ്ചാത്തനുണങ്ങുന്നതോ?
* ഒക്കത്തു വിത്തുണ്ടെങ്കിൽ തക്കത്തിൽ കൃഷിയിറക്കാം
* കണ്ണീരിൽ വിളഞ്ഞ വിദ്യയും വെണ്ണീരിൽ വിളഞ്ഞ നെല്ലും
* കണ്ടം വിറ്റു കാളയെ വാങ്ങുമോ
* കന്നിയിൽ കരുതല പിടയും
* കണ്ണൻ വാഴയുടെ ചുവട്ടിൽ പൂവൻ വാഴ  കിളിർക്കുമോ
* കന്നില്ലാത്തവന് കണ്ണില്ല
* കർക്കിടകത്തിൽ പത്തില കഴിക്കണം
* കർക്കിടക ഞാറ്റിൽ  പട്ടിണി കിടന്നത് പുത്തരി
* കുംഭത്തിൽ നട്ടാൽ കുടയോളം,  മീനത്തിൽ
നട്ടാൽ മീൻ കണ്ണോളം
* കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.
* കൂര വിതച്ചാൽ പൊക്കാളിയാവില്ല
* ഞാററായാൽ ചോററായി.

മിസരിയ ( (૭ അ)



mangalam maga
Saturday, January 26, 2019 2:02:00 PM

# ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം സമകാലിക ജീവിതത്തിൽ




സമകാലിക ജീവിതത്തിൽ ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം വളരെ വലുതാണ്. ഇവ നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വിപുലമായ പ്രചാരം നേടിയിട്ടുണ്ട്. സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവയെല്ലാം നമ്മുടെ സംസ്ക്കാരവും കാഴ്ചപ്പാടും രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ദൃശ്യമാധ്യമങ്ങൾ നമ്മുടെ ജീവിതത്തിൽ വളരെയധികം ഗുണങ്ങളുംഅല്പം ചില ദോഷങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

കല, വിദ്യാഭ്യാസം, തൊഴിൽ എന്നീ രംഗങ്ങളിൽ ദൃശ്യമാധ്യമങ്ങൾ മുന്നേറിയിട്ടുണ്ട്. എല്ലാ കലകളുടെയും പരിപോഷണം ദൃശ്യമാധ്യമങ്ങൾ വഴി നടക്കുന്നുണ്ട്.മറ്റു മാധ്യമങ്ങളേക്കാൾ ദൃശ്യമാധ്യമങ്ങൾക്കാണ് ഏറ്റവും കൂടുതൽ ജനപ്രീതിയുള്ളത്. സാഹിത്യം ,സംഗീതം, തുടങ്ങിയവയൊക്കൊക്കെ പുതിയ ഒരു മാനം നൽകുവാൻ ഇവയ്ക്ക് സാധിക്കുന്നു. ജീവസുറ്റ ദൃശ്യ മാധ്യമങ്ങൾകലയുടെ ആസ്വാദനത്തിന് പുതിയ ഒരു വഴി കാട്ടിത്തരുകയാണ് ചെയ്യുന്നത്. അറിവ് നേടാനും നേടിയ അറിവിനെ പരിപോഷിപ്പിക്കുവാനും ദൃശ്യ മാധ്യമങ്ങളിലൂടെ സാധിക്കും. കംപ്യൂട്ടറും ഇന്റർനെറ്റും വഴി പ്രപഞ്ചത്തിലെ ഏതൊരു കാര്യത്തെക്കുറിച്ചും നിമിഷനേരം കൊണ്ട് നാം അറിയുന്നു. വിജ്ഞാനത്തോടൊപ്പം വിനിമയ സാധ്യതകളും തൊഴിലവസരങ്ങളും ദൃശ്യമാധ്യമങ്ങൾ വാഗ്ദാനം ചെയ്യുന്നു. വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയുമൊക്കെ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും ദൃശ്യമാധ്യമങ്ങൾഒരു തുറന്ന സമീപനം കാഴ്ച വെയ്ക്കുന്നുണ്ട്.ഏറെ തൊഴിൽ സാധ്യതയുള്ള ഒരു മേഖലയാണിത്. ഇന്ന് സർക്കാരിന്റെ വക ചാനലുകളും സ്വകാര്യ വ്യക്തികളുടെ ചാനലുകളും എണ്ണത്തിലും ഗുണമേന്മയിലും മികച്ച് നിൽക്കുന്നു. ഈ ചാനലുകളിലൂടെ അനവധി പേർക്ക് ജോലി ലഭിക്കുന്നു. നല്ല കാര്യങ്ങൾക്കു വേണ്ടി ദൃശ്യമാധ്യമങ്ങളെ ആശ്രയിക്കുന്നതിൽ തെറ്റില്ല ചീത്ത കാര്യങ്ങൾക്കുവേണ്ടി നാം ഇവയെ ഉപയോഗിക്കുമ്പോൾ ഗുണത്തേക്കാളേറെ ദോഷം ചെയ്യും. നിത്യ ജീവിതത്തെ ദൃശ്യമാധ്യമങ്ങൾ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. അവയെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ജീവിതം നമുക്ക് സാധ്യമല്ല. പല ടെലിവിഷൻ ചാനലുകളും സിനിമകളും ജനപ്രിയമായത് അവ നമ്മുടെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നവയായതുകൊണ്ടാണ്.സാമൂഹികവും സാംസ്ക്കാരികവുമായ ഇടപെടലിനുള്ള ഉപാധിയായിട്ടാണ് ദൃശ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നത്. നമ്മുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും രൂപീകരിക്കുന്നതിൽ ഈ മാധ്യമങ്ങൾ നിർണ്ണായക സ്ഥാനം വഹിക്കുന്നു. സമൂഹത്തിൽ നടക്കുന്ന ഓരോ സംഭവവും ജനങ്ങളെ ആദ്യം അറിയിക്കാൻ ചാനലുകൾ മത്സരിക്കുകയാണ്. ജോലി സമയം പോലും ക്രമീകരിച്ച് കൃത്യസമയത്ത് ടെലിവിഷനു മുന്നിലെത്തുന്ന കാഴ്ചക്കാരായി നാം മാറിയിരിക്കുന്നു. ജനങ്ങളെ ഏറ്റവുമധികം സ്വാധീനിക്കുന്ന ദൃസ്യമാധ്യമമാണ് സിനിമ.മറ്റ് ഏതൊരു കലാകാരനും സാധ്യമാകാത്ത വിധത്തിൽ സമൂഹത്തോട് പ്രതികരിക്കാനും ബന്ധം സ്ഥാപിച്ചെടുക്കുവാനും സിനിമയ്ക്ക് കഴിയുന്നു.കലാ സാംസ്ക്കാരിക രംഗങ്ങളെ സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് ദൃശ്യമാധ്യമങ്ങൾ മാറ്റിയെടുക്കുകയാണ്.ജനങ്ങളെ ഏറ്റവും സ്വാധീനിക്കുന്ന മാധ്യമമെന്ന നിലയിൽസിനിമ വളരെയധികം പ്രാധാനയമർഹിക്കുന്നു.സമൂഹത്തിലുള്ള നന്മ തിന്മകളെ വേർതിരിച്ച് കാണിച്ച് പുതിയ സംസ്ക്കാരം ഉൾക്കൊള്ളുവാൻ സിനിമ നമ്മളെ സഹായിക്കുന്നു.

ഇന്റർനെറ്റിന്റെ സ്വാധീനം ഇന്ന് സാർവ്വത്രികമായിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ മേഖലകളിലും കംപ്യൂട്ടർ വൻ കുതിച്ചുചാട്ടമാണ് നടത്തിയിരിക്കുന്നത്.

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കംപ്യൂട്ടർ വന്നതോടെ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.വിരൽ ഒന്നമർത്തിയാൽ വിജ്ഞാനത്തിന്റെ കലവറ തുറക്കുന്ന അത്ഭുത സിദ്ധികളാണ് കംപ്യൂട്ടർ നമുക്ക് നൽകുന്നത്.സ്വയം പഠിക്കാനും പഠിപ്പിക്കുവാനും കംപ്യൂട്ടറിലൂടെ ഇടുങ്ങിയ ക്ലാസ്സ് മുറികളിൽകുട്ടികൾ ഞെരുങ്ങിഞെരുങ്ങിയിരുന്നു അദ്ധ്യയനം നടത്തുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. മണിക്കൂറുകളോളം അധ്യാപകരുടെപ്രഭാഷണം കേട്ടിരിക്കുവാനും ദീർഘനേരം നോട്ടുകൾ എഴുതി തീർക്കുവാും വിദ്യാർത്ഥി സമൂഹത്തിനു കഴിഞ്ഞെന്നു വരില്ല.ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് അറിയണമെങ്കിൽ ധാരാളം സമയം ചെലവഴിച്ച് റഫറൻസ് ഗ്രന്ഥങ്ങൾ പരിശോധിക്കേണ്ടതായി വരുന്നു. ഇതിനെല്ലാമൊരു പരിഹാരമായി കംപ്യൂട്ടർ നമ്മോടൊപ്പം നിൽക്കുന്നു. കംപ്യൂട്ടർ ചരിത്ര വിദ്യാർത്ഥികളുടെയും ശാസ്ത്ര വിദ്യാർത്ഥികളുടെയും ഉത്തമ സുഹൃത്തായി മാറിയരിക്കുക.യാണ് കംപ്യൂട്ടർ കംപ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയുടെ പ്രചാരം നമ്മുടെ ടൂറിസം

മേഖലയെ പരിപോഷിപ്പിച്ചിട്ടുണ്ട്. ഗതാഗത രംഗത്തും വൻ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. നമ്മുടെ വ്യോമയാന പരീക്ഷണങ്ങൾക്കുംനിരീക്ഷണങ്ങൾക്കുംമുഖ്യ പങ്കു വഹിക്കുന്നു

അദിത്യ. L 9E




mangalam maga
Saturday, January 26, 2019 2:02:00 PM

# ഭാഷയുടെ പരിണാമം സൈബർ ഇടത്തിൽ

വൈജ്ഞാനിക മേഖലയിൽ അത്ഭുതപൂർവ്വമായ വിജയം കൈവരിക്കാൻ സൈബർ ഇടത്തിനു കഴിഞ്ഞു. ലോകത്തെ മുഴുവൻ ഒരു ശൃംഖലയായി നിലനിർത്താൻ ഈ മേഖലയ്ക്കു കഴിഞ്ഞു.മനുഷ്യ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ കണ്ടുപിടിത്തം ഭാഷയുടേതാണ്. സംസ്ക്കാരത്തിന്റെ സൂക്ഷിപ്പുകാരാണ് ഭാഷ. മനുഷ്യ ചരിത്രത്തോളം പഴക്കം ഭാഷയ്ക്കും കൽപ്പിക്കാം. മാറിവരുന്ന കാലഘട്ടത്തിനനുസരിച്ച് ഭാഷയിൽ കൂട്ടിച്ചേർക്കലും മുറിച്ചുമാറ്റലും നടന്നിട്ടുണ്ട്. ഭാഷയുടെ ഏറ്റവും പഴയ രൂപമായ വാമൊഴിയിൽ നിന്നും ഇന്ന് കമ്പ്യൂട്ടറിന്റെ സഹായത്തോടെ തെളിയുന്ന തിരമൊഴിയിൽഎത്തുമ്പോൾ ഭാഷ ധാരാലം മാറ്റങ്ങൾക്ക് വിധേയമായിട്ടുള്ളതായി കാണാൻ സാധിക്കുന്നു.

കേരള ജനതയുടെ മാതൃഭാഷയായ മലയാളത്തിന് വ്യവഹാരമെന്ന നിലയിലുള്ള സ്ഥാനവും ലോകഭാഷകൾക്കിടയിൽ അതിനുള്ള നിലയും നിരവധി പഠനങ്ങൾക്കു വിധേയമായിട്ടുണ്ട്. ഓരോ കാലഘട്ടത്തിലും രൂപപ്പെടുന്ന യന്ത്രത്തിനനുസരിച്ച ഭാഷ അതിനു വഴങ്ങുകയും പുതുക്കപ്പെടുകയും ചെയ്യുന്നു. ഭാഷയുടെ അവ്യക്തകാലത്തു നിന്നുംഇന്ന് കമ്പ്യൂട്ടറിന്റെ സഹായത്തോടെ മിന്നിത്തെളിഞ്ഞ് മറഞ്ഞുകൊണ്ടിരിക്കുന്ന മലയാള ഭാഷ വളരുകയും തളരുകയും ചെയ്തിട്ടുണ്ട്. ചുണ്ടുകളിൽനിന്നും ചുണ്ടു കളിലേക്കും ്വിടെനിന്ന് ഗുഹാമുഖങ്ങളിലും പാറക്കഷണങ്ങളിലും താളിയോലകളിലേക്കും അവിടെനിന്നും പേപ്പറിലേക്കും അവിടെനിന്നും ഇലക്ട്രോണിക് മാധ്യമങ്ങളിലേക്കുംഭാഷ എത്തപ്പെട്ടിരിക്കുന്നു. അനേകം നൂറ്റാണ്ടുകളുടെ കടംകൊള്ളലിന്റെ ഫലമായ രൂപപ്പെട്ട സാംസ്കാരിക പരിസരമാണ് നമുക്ക് അവകാശപ്പെടാനുള്ളത്.അതുകൊണ്ടു തന്നെ ലോകത്തു നടക്കുന്ന ഏതൊരു മാറ്റവും നമ്മുടെ ഭാഷയെ സ്വാധീനിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ വലിയ കുതിച്ചു ചാട്ടം മലയാള ഭാഷയെ സ്വാധീനിച്ചതിന്റെ തെളിവുകൾ നമുക്ക് മുന്നിലുണ്ട്.1980 കളുടെ തുടക്കത്തിലാണ് മലയാളം കമ്പ്യൂട്ടിംഗ് ആരംഭിക്കുന്നത്.തൊണ്ണൂറുകളുടെ പകുതിയായതോടെ നിരവധി വെബ്സൈറ്റുകൾ മലയാളത്തിൽ വന്നു



mangalam maga
Saturday, January 26, 2019 2:02:00 PM

തുടങ്ങി. പ്രധാനമായും പത്രസ്ഥാപനങ്ങളാണ് വെബ്സൈറ്റുകൾ ആരംഭിച്ചത്.മലയാളം വെബ്സൈറ്റുകളുടെ വ്യാപനം നവമാധ്യമങ്ങളിൽ ഭാഷയുടെ ജനകീയതയ്ക്കു കാരണമായിട്ടുണ്ട്.1997 ൽ www-.deepikakr.com

എന്ന വാർത്ത വെബ്സെറ്റുകൾ തുടങ്ങി ദീപിക പത്രം ആണ് മലയാളത്തിൽ വെബ്സൈറ്റുകൾക്ക് ആവേശം നൽകിയത്.അന്ന് മലയാളത്തിൽ തുടങ്ങുന്ന മിക്ക പത്രങ്ങൾക്കും ആനുകാലികങ്ങൾക്കും ഇന്റർനെറ്റ് പതിപ്പുണ്ട്.ഇവിടെയെല്ലാം ഭാഷയുടെ വളർച്ചയാണ് നാം കാണേണ്ടത്.വാമൊഴി സംസ്കാരത്തിൽ നിന്നും തിരമൊഴി സംസ്കാരത്തിലേക്ക് ഭാഷവളർന്നപ്പോൾമനുഷ്യനുണ്ടായ സാമൂഹിക സാംസ്കാരിക സാമ്പത്തിക വൈജ്ഞാനികനില വളരെ വലുതാണ്.വാ മൊഴി സംസ്കൃതിയിൽ വ്യക്തികളിൽ കേന്ദ്രീകരിച്ചിരുന്ന അറിവിനെ /അനുഭവത്തെ വ്യക്തിയിൽ നിന്നും പുറത്തു സ്ഥാപിക്കാൻ കഴിഞ്ഞതോടെ അറിവിന്റെ ഉടമസ്ഥത ഒരുവനിൽ നിന്ന് പലരിലേക്ക് പരക്കുകയായിരുന്നു.എന്നാൽ സൈബർ ഇടത്തിൽ പരസ്പര വിനിമയത്തിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തിയാണ് അറിവിനെ / അനുഭവത്തെ സംവാദത്തിനും പുതുക്കലിനും വിധേയമാണ്. (സൈബർ മലയാലം, സുനിത ടി.വി) കൂട്ടായ്മയിലധിഷ്ഠിതമായ ഒരു പുതിയ ഗോത്ര സംസ്കൃതിക്ക് ഇലക്ട്രോണിക് മാധ്യമങ്ങൾ ഇന്ന് കളമൊരുക്കുന്നു

## മലയാളം ബ്ലോഗുകൾ

കമ്പ്യൂട്ടർ മാധ്യമാധിഷ്ഠിത ആശയവിനിമയത്തിന്റെ ഉപാധി എന്ന നിലയിൽ വ്യത്യസ്തമായ ഭാഷാവിഷ്കാര മാതൃക ഇന്റർനെറ്റ് . മുന്നോട്ട് വയ്ക്കുന്നു. വാ മൊഴിയിൽ നിന്നും വരമൊഴിയിലേക്കും പിന്നെ തിരമൊഴിയിലേക്കും ഭാഷ പരിണമിക്കുന്നു. തിരമാലയാളത്തിന്റെ സജീവത നമ്മുടെ ഭാഷയ്ക്ക് ഒട്ടേരെ പദങ്ങളും സംഭാവന ചെയ്തിട്ടുണ്ട്. ബ്ലോഗ്, ബ്ലോഗൻ, ബൂലോകം ,ബ്ലോഗുലകം, ഗൂഗോളവൽക്കരണം തുടങ്ങി നിരവധി വാക്കുകൾ പ്രചരണത്തിൽ ഉണ്ട്. നൈറ്റിസൺമാരുടെ ന്യൂജറേഷൻ മലയാളത്തിന് കൂടുതൽ സ്വീകാര്യത ഇന്ന് ലഭിക്കുന്നു.



mangalam maga
Saturday, January 26, 2019 2:02:00 PM

 പുസ്തകം വരെ  സൂക്ഷിക്കാനാവും.ഇ- വായനയിൽ ഔട്ട് ഓഫ് പ്രിന്റ് ഇല്ലാതാകില്ല. എത്ര ആവശ്യക്കാർ ഉണ്ടായാലും പുസ്തകം വിറ്റു തീർന്നു എന്ന മറുപടി ഉണ്ടാവില്ല. ഇത് ഇ- വായനയുടെ ഏറ്റവും വലിയ നേട്ടമാണ്.യാത്രാവേളയിലോ, വീട്ടിലോ ഇരുന്ന് ഇ -പുസ്തകം ഇന്റർനെറ്റു വഴി ഡൗൺലോഡ് ചെയ്യുകയോ സുഹൃത്തുക്കളുടെ കമ്പ്യൂട്ടറിൽ നിന്ന് പകർത്തുകയോ ചെയ്യാം.ഇ- പുസ്തകത്തിൽ ഉടനടി തിരുത്തുവരുത്തുകയും നെറ്റിലൂടെ  വാങ്ങിയവർക്ക് തിരുത്ത് വരുത്തിയ കുറിപ്പ് അയച്ചു കൊടുക്കുകയും പ്രിന്റെടുത്ത്  വായിക്കുവാനും കഴിയും.എഴുത്തുകാരെ സംബന്ധിച്ച് എല്ലാ വിവരങ്ങളും അബ്ഡേറ്റ് ചെയ്യുവാൻ സാധിക്കുന്നു. വിൽക്കാത്ത പുസ്തകത്തിന് സാമ്പത്തിക നഷ്ടം ഒഴിവാകും . എന്നാൽ ഇ- പുസ്തകങ്ങൾക്ക് ഇത്തരം പ്രശ്നങ്ങൾ ഒന്നും ഇല്ല.

## ഇൾ- വായനയുടെ ദോഷങ്ങൾ

ഇ- പുസ്തകത്തിന്റെ കോട്ടങ്ങളിൽ ഒന്നാണ് അതിന്റെ ഉടമസ്ഥാവകാശത്തെ പറ്റിയുള്ള തർക്കം.ഇ- വായനയിൽ ഒരു പുസ്തകം ഇറക്കിയാൽഅത് പിൻവലിക്കാനോ നിരോധിക്കാനോ പ്രയാസമാണ്.കാലാകാലങ്ങളിൽ ഇലക്ട്രോണിക് കമ്പ്യൂട്ടർ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി    ഉപകരണങ്ങൾ മാറ്റാൻ നിർബന്ധിതമാകുന്നു.മലയാളഭാഷയുടെ സാധ്യതകളെ വളരെ  വിപുലമാക്കാൻ സൈബർ ഇടത്തിനു കഴിയുന്നു. ഭാഷയിലൂടെയുള്ള  വ്യവഹാരത്തിന് കമ്പ്യൂട്ടറിൽ ആദ്യകാലത്ത് സാധ്യമായിരുന്നില്ല.എന്നാൽ ഇന്ന്  ഭാഷയ്ക്ക് പുതിയ വാക്യഘടനകളും വ്യാകരണ നിയമങ്ങളും സൈബർ ഇടങ്ങൾ സൃഷ്ടിക്കുന്നു.

നവമാധ്യമങ്ങൾ  സൃഷ്ടിക്കുന്ന എല്ലാ മേഖലകളിലും മലയാളഭാഷ എത്തപ്പെട്ടിട്ടുണ്ട്.വിശാലമായ ഒരു വലിയ ലോകം സൈബർ ഇടത്തിൽ മലയാളഭാഷ നേടി. വാ മൊഴിയിൽ നിന്നും വരമൊഴിയിലേക്കും അവിടെ നിന്ന് തിരമൊഴിയിലേക്കും എത്തപ്പെടുകയും  ചെയ്ത മലയാള ഭാഷയ്ക്ക് ഈ പുതിയ കാലഘട്ടത്തിൽ തനിമ നഷ്ടപ്പെട്ടതായി കാണാൻ സാധിക്കും. എന്നാൽ കമ്പ്യൂട്ടർ യുഗം നമ്മുടെ ഭാഷയ്ക്കു നൽകിയ സാധ്യതകളെ മറക്കാനും കഴിയില്ല. അകൃത്രിമ ഭാഷ സൃഷ്ടിക്കുന്നത് സംഭാഷണത്തിനും രചനയ്ക്കും നല്ലതല്ല. അത് ഭാഷയുടെ  സ്വാഭാവികത നഷ്ടപ്പെടുത്തുന്നു.അതുകൊണ്ട് തന്നെ വിവര സാങ്കേതിക വിജ്ഞാന വിസ്ഫോടനത്തിന്റെ  കാലഘട്ടത്തിൽ ദീർഘകാലം കൊണ്ട് ഉയർന്നു വന്ന മലയാളഭാഷയ്ക്ക് കൂടുതൽ ഇടങ്ങളിലേക്ക്  വളരുവാൻ സാധിക്കട്ടെ.

ബിനു ടീച്ചർ



mangalam maga
Saturday, January 26, 2019 2:02:00 PM

യൂണികോഡിന്റെ വരവോടെയാണ് ബ്ലോഗുകൾ മലയാളത്തിലും സജീവമായത്. ഇന്ന് ഇന്റർനെറ്റിലെ ഏറ്റവും ജനകീയമായ വ്യക്തിഗത പ്രസിദ്ധീകരണ മേഖലയാണിത്. ജാലകം എന്നു പേരുള്ള ബ്ലോഗാണ് മലയാളത്തിൽ ആദ്യം ആരംഭിച്ചത്. എന്ന വാദമുണ്ട്. 2002 ൽ ആണ് ഇത്. തുടർന്ന് നിരവധി മലയാള ബ്ലോഗുകൾ ഇന്റർനെറ്റിൽ ഇടം പിടിച്ചു. സജീവ് ഇടത്താടൻ വിശാലമനസ്കൻ എന്ന പേരിൽ പ്രീതി നേടി. ബ്ലോഗിൽ നിന്നും അച്ചടി രൂപത്തിൽ പുറത്തിറങ്ങിയആദ്യ പുസ്തകം കൂടിയാണിത്. എന്റെ യൂറോപ്പ് സ്വപ്നങ്ങൾ , ചിറകുള്ള ബസ്, ചിലന്തി, മരംകൊത്തി, ചെലവു കുറഞ്ഞ കവിതകൾ, കുഴൂർ വിൽസെന്റ് കവിതകൾ ചെവികൾ, ചെമ്പരത്തികൾ തുടങ്ങി അനേകം ബ്ലോഗ് സാഹിത്യങ്ങൾ പുസ്തക രൂപത്തിൽ പുറത്തു വന്നു.കുറഞ്ഞ നാളുകൾകൊണ്ട് അയ്യായിരത്തിലേറെ ബ്ലോഗുകൾ ഉള്ള ബൂലോകമായി മലയാളം ബ്ലോഗ് ലോകം മാറിയിട്ടുണ്ട്. ബ്ലോഗിലെഴുതിയ കഥകൾ ബ്ലോഗർമാർ തന്നെ ചിത്രീകരിച്ച പരോൾ ന്നെ ഹൃസ്വ ചിത്രം നിർമ്മിച്ചതും ബ്ലോഗുകളുടെ പ്രചരണാർത്ഥം ബ്ലോഗ് അക്കാദമി നിലവിൽ വന്നതും ശ്രദ്ധേയമാണ്.

## ഇ- വായന

ഇലക്ട്രോണിക് സ്ക്രീനിലൂടെ വായിക്കുന്നതിനെയാണ് ഇ- വായന എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ഇ- വായനയാണ് നാളത്തെ വായന.ഡിജിറ്റൽ കോഡുകളായി സൂക്ഷിച്ചുവെച്ചിരിക്കുന്ന പാഠങ്ങൾമ കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇ-ബുക്ക് റീഡർതുടങ്ങിയവയുടെ സഹായത്തോടെയാണ് വായിക്കുന്നത്.

## ഇ- മലയാളം ഇന്ന്

ഇ- വായന, ഇ സാഹിത്യം, ഇ- വിവരം , ഇ -പ്രസിദ്ധീകരണം തുടങ്ങിയവയൊക്കെ ഇതിന്റെ പരിധിയിൽ വരുന്നു. മലയാളം സോഫ്റ്റ് വെയർ, മലയാളം വെബ്സൈറ്റ് ഉള്ളടക്ക നിർമ്മാണം , പഠന പ്രചരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ മൂന്ന് പ്രധാന കാര്യങ്ങളിലൂടെയാണ് ഇന്ന് സമകാലിക മലയാളം നവമാധ്യമങ്ങളിൽ വളരുന്നത്.ശാസ്ത്രത്തിനും വ്യാകരണത്തിനും അപ്പുറം പ്രയോഗ ക്ഷമതയിലൂടെ കൂടുതൽ തലങ്ങളിലേക്ക് വളരുന്നു എന്നതാണ് നവമാധ്യമങ്ങൾ ഭാഷയ്ക്കു നൽകിയ ഏറ്റവും വലിയ സംഭാവന.

## ഇ- വായനയുടെ ഗുണങ്ങൾ

ഇ- വായനയിലൂടെ പുസ്തകത്തിലുള്ള ഒരു വാക്ക് സന്ദർഭം , ഒരാശയം, കഥാപാത്രം, തുചങ്ങിയവ തെരഞ്ഞെടുപ്പിക്കുവാൻ നിമിഷങ്ങൾ മതിയാകും . വായന ഉപകരണത്തിൽ ആയിരക്കണക്കിന് പുസ്തകങ്ങൾ കൂടുന്നതനുസരിച്ച് പുസ്തകം ഭാരം കൂടുന്നില്ല. ഒരു സി.ഡി ക്കുള്ളിൽ 500


mangalam maga
Saturday, January 26, 2019 2:02:00 PM

# വേർപ്പാടിന്റെ ദുഃഖം

കുഞ്ഞേ നീ കരയരുത്
കണ്ണീർ പൊഴിയ്ക്കരുത്
ആർദ്രമാം സ്നേഹത്തിൻ
തുമ്പുമായ് നീ അലയരുത്.
മഴയേ വെയിലേ എൻ
കുഞ്ഞിനെ തളർത്തരുത്.
ആരോരുമില്ലാതെയെൻ
കുഞ്ഞു തേങ്ങുന്നു!
തേങ്ങിക്കരയുന്നു...
എൻ കുഞ്ഞിൻ നൊമ്പരം നീ അറിയുന്നില്ല...
എൻ കുഞ്ഞിൻ വിരഹവും നീ അറിയുന്നില്ല..

ഈ യാത്രയിൽ എൻ
കുഞ്ഞിന് തുണയില്ല
സാഗരമേ, നീ സാക്ഷി...
എൻ കുഞ്ഞു കരയുന്നു
കണ്ണീർ പൊഴിക്കുന്നു
ഈ വീഥിയിൽ എൻ
കുഞ്ഞിൻ സ്വനം ഞാൻ കേട്ടു
ഈ പാരിൽ നിന്നവൾ
എങ്ങോ മറഞ്ഞു പോയി
എൻ കുഞ്ഞിൻ കണ്ണീരും
അലിഞ്ഞുപോയി.

നീതു.എസ്സ് .ബിജു (9A)



mangalam maga
Saturday, January 26, 2019 2:02:00 PM

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# പൊതുവിദ്യാലയത്തിന്റെ മികവ് ഹൈടെക്കിലൂടെ

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല ഉണർവ്വിന്റെ പാതയിലൂടെ ആവേശകരമായിമുന്നേറുകയാണ് .' ഉണർവ്വ് ' എന്നത് അക്കാദമികമായി മാത്രമല്ല സാങ്കേതികമായും പൊതുവിദ്യാലയങ്ങൾ ഉണർന്നിരിക്കുന്നു. പഠ ന ബോധന പ്രക്രിയകളിൽ സാങ്കേതിക വിദ്യയ്ക്ക് ശ്രദ്ധേയമായ സ്ഥാനം കൈവന്നിരിക്കുന്നു. കേരള സർക്കാരിന്റെ നാലു പ്രധാന വിഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ടതും വളരെ വേഗത്തിൽ ഫലം കണ്ടു നടത്തിയതുമായ ഒന്നാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ ആവേശകരമായ കുതിച്ചു ചാട്ടം.പൊതു വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയക്കാൻ മടി കാണിച്ചിരുന്ന പൊതു സമൂഹം ഇന്ന് ഏറെ അഭിമാനത്തോടെ പൊതു വിദ്യാലയങ്ങൾ തേടിയെത്തുന്ന കാഴ്ചയാണ് നമുക്ക് ചുറ്റും കാണുന്നത്. പൊതു വിദ്യാലയ സംര7ണ യജ്ഞം പ്രഖ്യാപിച്ചതിനു ശേഷം ഏകദേശം മൂന്നര ലക്ഷത്തോളം കുട്ടികളാണ് പൊതുവിദ്യാലയത്തിൽ എത്തിച്ചേർന്നത്.

വിവര വിനിമയ സാങ്കേതിക വിദ്യ കുതിച്ചുയരുന്ന ഈ കാലഘട്ടത്തിന് യോജിച്ച നിലയിലേക്ക് നമ്മുടെ വിദ്യാർത്ഥി സമൂഹത്തെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാലയങ്ങൾവിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ ഹൈടെക് ആയി മാറിയത്.ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. ഇതിനായി ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണ്ട് പടന തന്ത്രങ്ങൽ രൂപീകരിക്കുകയാണ് ചെയ്യുന്നത്. വിവര വിനിമയ സാങ്കേതിക വിദ്യയിലൂടെ ഒരു കുട്ടിയുടെ സമസ്ത മേഖലയേയും സ്വാധീനിക്കാനും ഒരു ക്ലാസ്സിലെ വിവിധങ്ങളായ കഴിവുകൾ ഉള്ള കുട്ടികൾക്ക് അവരവരുടെ കഴിവിനനുസരിച്ച് പഠനബോധന തന്ത്രങ്ങൾ തിരഞ്ഞെടുക്കാനും അതിലൂടെ പാഠഭാഗങ്ങൾ അവരിലേക്ക് ഗ്രഹിപ്പിക്കാനും കഴിയുന്നു.അതായത് വിവര വിനിമയ സാങ്കേതിക വിദ്യയിലൂടെയുള്ള പഠന തന്ത്രങ്ങൾ വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖല



mangalam maga
Saturday, January 26, 2019 2:02:00 PM

കിലും സ്വാധീനം ചെലുത്താൻ കഴിയുന്ന ഒന്നായി മാറിക്കൊണ്ടിരിക്കു
ന്നു.വിദ്യാഭ്യാസത്തിന്റെ പ്രാരംഭ തലം മുതൽ മൂല്യനിർണ്ണയവും തുടർപ്ര
വർത്തനവും വരെയുള്ള എല്ലാ തലങ്ങളിലും അതിന്റെ പ്രയോഗം സാധ്യ
മായിക്കഴിഞ്ഞിരിക്കുന്നു. വിവരവിനിമയം മാത്രമല്ല അതിനെ അടിസ്ഥാന
പ്പെടുത്തിയുള്ള അറി വി ന്റെ  നിർമ്മാണവും ക്ലാസ്സ് മുറിയിൽ നടക്കു
ന്നുണ്ട്. കുട്ടികളുടെ അനുഭവങ്ങളെയും അവന്റെ ചുറ്റുപാടിനേയും ജ്ഞാ
ന നിർമ്മിതിക്കുള്ള ഉപാധിയാക്കി മാറ്റുന്ന തലത്തിലേക്ക്  വിദ്യാഭ്യാസ
ത്തിന്റെ മൂല്യം ഉയർന്നിരിക്കുന്നു എന്നത് പൊതു വിദ്യാഭ്യാസ സംരക്ഷ
ണ  യജ്ഞത്തിന്റെ  ഔന്നത്യം നമ്മെ ഓർമ്മപ്പെടുത്തുന്നു.  കേരളത്തി
ലെ 45000 ക്ലാസ്സ് മുറികളാണ് ആദ്യ ഘട്ടത്തിൽ ഹൈടെക് ആക്കിയത്.

അടുത്ത  അക്കാദമിക വർഷത്തിന്റെ  ആരംഭത്തോടെ പ്രൈമറി തലം മു
തൽ ഹയർസെക്കന്ററി വരെയുള്ള മുഴുവൻ ക്ലാസ്സ് മുറികളും ഹൈടെക്
ആക്കാനുള്ള പദ്ധതിയുമായി നമ്മുടെ സർക്കാർ മുന്നോട്ടു പോവുക
യാണ്.ഈ അവസരത്തിൽ ജ്ഞാന നിർമ്മിതിയുടെ 3 ഉപാധികളായ അ
നുഭവസ്വാംശീകരണവും അതിന്റെ വിശകലനവും  നിഗമന രൂപീകരണ
വുമെല്ലാം നടക്കുന്നതിന് ഉതകുന്ന വിധത്തിൽ ഹൈടെക് ക്ലാസ്സ് മുറിക
ളെ മാറ്റേണ്ടതുണ്ട്. ഇതിന് സഹായകരമായ രീതിയിൽ വിവരവിനിമയ സാ
ങ്കേതിക വിദ്യയെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന അന്വേഷണം
വളരെ പ്രാധാന്യം അർഹിക്കുന്നു.വിവരവിനിമയ സാങ്കേതിക വിദ്യയുടെ
നീതി പൂർവ്വമായ ഉപയോഗംഉറപ്പു വരുത്തേണ്ടതുണ്ട്.ഇതിനായി വിദ്യാഭ്യാ
സ വകുപ്പും അതിന്റെ സാങ്കേതിക വിഭാഗമായ കൈറ്റും ചേർന്ന്  പ്രത്യേ
കമായി ഒരു വിഭവ പോർട്ടൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്.സമഗ്ര എന്ന ഈ
പോർട്ടലിലൂടെ  അദ്ധ്യാപകന്റെയും  വിദ്യാർത്ഥിയുടെയും  സർഗാത്മക
ശേഷി വികസിപ്പിക്കത്തക്കവിധത്തിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങളെ മാറ്റി
യെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടിയെ കേവലം കേഴ്‌വിക്കാരനും കാഴ്ചക്കാ
രനും മാത്രമാക്കാതെ അവന്റെ സജീവ പങ്കാളിത്തം  ക്ലാസ്സ് മുറികളിൽ ഉ
ണ്ടാവേണ്ടത് അത്യാവശ്യം തന്നെയാണ്.അറിവ് നിർമ്മിക്കുകയും പങ്കുവ
ക്കുകയും ചെയ്യുന്ന തലത്തിലേക്ക് പഠന പ്രക്രീയ മാറുംമ്പോൾ അതിന്റ്
കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനൂള്ള ഉപാധിയായി വിവര വിനിമയ
സാങ്കേതിക വിദ്യയെ മാറ്റിയെടുക്കാൻ നമുക്ക് സാധിക്കണം പഠിതാവിന്റ്
ബഹുമുഖ ബുദ്ധിയെ അംഗീകരിക്കുന്ന തരത്തിൽ വ്യത്യസ്ത അനുഭവ
ങ്ങൾ ക്ലാസ് മുറിയിൽ സൃഷ്ടിക്കൂവാൻ വിവര വിനിമയ സാങ്കേതിക വിദ്യ
ക്ക്കഴിയണം അതിനായി അദ്ധ്യാപകൻ അവന്റ് അനൂഭവത്തേയും അറി
വിനേയും നൂനത സാങ്കേതിക വിദ്യയ്ക്ക് അനുസതമായ കാഴ്ചപാടി
ലേക്കൂം മാറ്റാൻ കഴിയണം. എന്നാൽ പഠിതാവിന്റെ പഠന രീതിയും പഠന
വോഗതയും പരിഗണിക്കൂന്ന സ്വയം പഠനത്തെ പ്രോൽസാഹിപ്പിക്കുന്ന
തരത്തിളുള്ള പനാനൂഭവങ്ങളും നൽകുന്നതിൽ ഒരു സഹായി എന്ന
നിലയിലും വിവര വിനിമയ സാങ്കേതികവിദ്യയെ പരിപോഷിപ്പിക്കാൻ നമു
ക്ക് കഴിയുന്നുണ്ട്.

ഷീബ ടീച്ചർ



mangalam maga
Saturday, January 26, 2019 2:02:00 PM

ആത്മവിചാരം

# ഭയം-പരിശ്രമം-വിജയം

ജീവിതം അനുഭവങ്ങളുടെ ഒരു ഹിമസാഗരമാണ്. ഓരോ ജീവിതാനുഭവങ്ങളുംവ്യ ത്യസ്ത അനുഭവ പാഠങ്ങളാണ് നമ്മെ പഠിപ്പിക്കുന്നത്. അനുഭവങ്ങളിലൂടെ സഞ്ച രിച്ച് അതിലേക്ക് ലയിച്ച് ഉന്നത വിജയം കൈവരിക്കുന്നവരാണ് യഥാർത്ഥവിജയി. എപ്പോഴും വിജയവും സങ്കടവും സന്തോഷവും ഒരാൾക്ക് ഉണ്ടാകുമ്പോൾവിവിധ തരം അനുഭവങ്ങളാണ് ഉണ്ടാകുന്നത്. അനുഭവങ്ങൾ പഠിപ്പിക്കുന്ന പാഠങ്ങൾ ജീ വിതത്തിലുടനീളം ഉണ്ടാകും ഒരുപാട് ജീവിതാനുഭവങ്ങൾ എനിക്ക് സമ്മാനച്ച പാ ഠങ്ങളാണിവ.ഒരിക്കൽ ഒന്നും അല്ലാത്തവൻ ഇന്നിപ്പോൾ എന്തൊക്കെയോ ആ ണ്.എന്നാൽ നാളത്തെ എല്ലാം അവനാണ്. എന്നും പരാജയം മാത്രം കൈവരിച്ചി രുന്നവനെ ഒരിക്കൽ ഗുരു ശകാരിച്ചു.അധ്യാപകർ ശകാരിക്കുന്നത് ദേഷ്യം കൊണ്ട ല്ല, മറിച്ച്അവർ ഒന്ന് നന്നായി കാണാനുള്ള ആഗ്രഹം കൊണ്ടാണ്.ഗുരു അന്ന് ത ന്നെ ശകാരിച്ചപ്പോൾ തന്റെ മനസ്സിൽ ഒരു ദേഷ്യം അനുഭവപ്പെട്ടു. ആ ദേഷ്യം പി ന്നീട് വാശിയായി. അവൻ പഠിച്ചു. ഇത് ഒരു ശാസ്ത്രജ്ഞന്റെ ജീവിതാനുഭവമാണ്. ഓരോരോ മഹാനായ വ്യക്തികളുംഅവരുടെ ജീവിതാനുഭവങ്ങളാണ് നൽകുന്ന ത്. എന്റെ ജീവിതത്തിൽ എനിക്കും അങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടുണ്ട്.എ നിക്ക് സ്റ്റേജിൽ കയറി കുട്ടികളുടെ മുന്നിൽ നിന്നു രണ്ടു വാക്കു ഭയമാണ്. ഒരു മനുഷ്യന്റെ ജീവിതത്തിൽ തന്നെ ഒന്നുമാകാൻ സമ്മതിക്കാത്തതാണ് ഒരു തരം ശ ത്രുവാണ് ഭയം.5-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ നീണ്ട ഒരിടവേളയ്ക്കു ശേഷമാണ് ഞാൻ സ്റ്റേജിൽ കയറി എ.പി.ജെ. അബ്ദുൾ കലാമിന്റെ ജീവചരിത്രം വായിച്ച ത്.പേടിച്ചു വിറച്ചു ഞാൻ വായിച്ചു.അന്നെനിക്കു പത്തു വയസ്സ്. അതുകൊണ്ട് ത ന്ന അന്നെനിക്കു വേണ്ടി എല്ലാവരും കയ്യടിച്ചു.എനിക്കു വായനയിൽ തീരെ താല് പര്യം ഇല്ലായിരുന്നു.അതുകൊണ്ട് തന്നെ പ്രായത്തിന്റെ പരിധിയും മറ്റും കൊണ്ട് എനിക്കു വായനയിൽ തെറ്റുകൾ ഉണ്ടായിരുന്നു. അന്ന് അത്രയേറെ കുട്ടികളെ ഒ രുമിച്ച് കണ്ടപ്പോൾ എന്റെ കയ്യൊക്കെ തണുത്തു കണ്ണൊക്കെ നിറഞ്ഞു. പിന്നീട് ഒരു ദിവസം ഒരു വെള്ളിയാഴ്ച സ്കൂളിലെ റേഡിയോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹിരോഷിമയേയും നാഗസാക്കിയേയും പറ്റി ഒരു കുറിപ്പ് വായിക്കാൻ എന്നെ വി ളിച്ചു.അപ്പോഴും എന്റെ പേടി എന്നെ പിൻ തുടർന്നു.മൈക്ക് കയ്യിൽ കിട്ടിയപ്പോൾ എന്റെ കയ്യൊക്കെ വിറച്ചു. എന്റെ ശബ്ദം പതറി. ഞാ◌ വായിച്ചതിൽ പിഴവ് സംഭവി ച്ചു.അന്ന് എല്ലാവരുടെയും മുന്നിൽ ഞാൻ ഒന്നും അല്ലാതെയായി.ഇപ്പോഴും എ ന്നിലെ ഭയമാണ് എന്റെ ശത്രു. എന്റെ അനുഭവം ഇതാണ്. നിങ്ങൾ ഭയപ്പെടരുത് .ഭ യം എന്ന വികാരം നിങ്ങളെ ജീവിതത്തിൽ ഒന്നും ആക്കില്ല. അതുകൊണ്ട് നിങ്ങൽ ഭയപ്പെടരുത്.അതിനോട് പോരാടി ജീവിത വിജയം കൈവരിക്കണം. ഇതാണ് എ നിക്ക് നിങ്ങൾക്ക് തരാനുള്ള അനുഭവ സന്ദേശം. ഭയത്തെ തോൽപ്പിക്കാൻ നി ങ്ങൾക്കല്ലാതെ മറ്റാർക്കും കഴിയില്ല.. പരാജയം വിജയത്തിന്റെ മുന്നോടിയാണ് എ ന്ന് ആരോ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. എവിടെയും എല്ലാവരും എപ്പോഴും വിജയി ക്കണമെന്നില്ല.പരാജയങ്ങളും ജീവിതത്തിന്റെ ഭാഗമാണ്. പരിശ്രമം ചെയ്യുകിലെ ന്തിനെയും എന്നത് എ.പി.ജെ അബ്ദുൾ കലാമിന്റെ സ്വന്തം ജീവിതാനുഭവങ്ങൾ ചേർത്തിണക്കിയ ഒരു ജീവിതപാഠമാണ്. അദ്ദേഹം പരിശ്രമംകൊണ്ടാണ് ഭയത്തെ കീഴടക്കിയത്. ഏറ്റവും മോശം ഭൂതകാലമുള്ളവരാവും ഏറ്റവും നല്ല ഭാവി സൃഷ്ടി ക്കുന്നത്.ഇത് ഒരു മഹാൻ പറഞ്ഞ വാക്കുകളാണ്. എല്ലാവർക്കും പ്രചോദനമാ കുന്നത് മറ്റുള്ളവരുടെ പിന്തുണയും മനസ്സറിഞ്ഞ് അവർ നൽകുന്ന ഉപദേശവു മാണ്. ജീവിതം അനുഭവങ്ങളുടെ ഒരു പാഠപുസ്തകമാണ്. വിവിധ തരം അനുഭവ ങ്ങൾ പല പല പാഠങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്. അനുഭവങ്ങളുടെ വേരു കളിലൂടെ അതിനെ അറിഞ്ഞ് അതിലേക്ക് ആഴ്ന്നിറങ്ങി വിജയികളാകുക.

സാലിഹ
8.A



mangalam maga
Saturday, January 26, 2019 2:02:00 PM

# ഗണിതശാസ്ത്രം പ്രായോഗിക മൂല്യങ്ങൾ



മനുഷ്യന് ഏറ്റവും ആവശ്യമായ വിജ്ഞാനം വായന , എഴുത്ത് , കണക്ക് എന്നിവയാണ്. വ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്ന ഏറ്റവും പ്രാഥമികമായ വസ്തുത അധ്യേതാവിനെ നിത്യജീവിതം നയിക്കാൻ പ്രാപ്തനാക്കുകയാണല്ലോ.ഈ കാര്യത്തിൽ ഗണിതത്തിനുള്ള സ്ഥാനം സുവിദിതമാണ്.വളരെ ചെറിയ പ്രായം മുതൽതന്നെ ഏതെല്ലാം ഗണിത പ്രശ്നങ്ങളാണ് ഓരോ ദിവസവും ഒരാൾക്ക് നേരിടേണ്ടിവരുന്നത്. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലുമുള്ള ആളുകളുടെ കാര്യത്തിലും ഇത് ശരിയാണ്.

ഓരോ വീട്ടമ്മയുടെയും കാര്യം എടുക്കുന്നു. തന്റെ വീട്ടിലുള്ള അംഗങ്ങളുടെ എണ്ണം ., അവർക്കാവശ്യമായ ഭക്ഷണ സാധനങ്ങളുടെ അളവ്,ഒരു കറിക്കു ചേർക്കേണ്ടസാധനങ്ങളുടെ അളവിന്റെ അംശബന്ധം എന്നിവ നിർണ്ണയിക്കണം. വരുമാനത്തെ പല പല ആവശ്യങ്ങൾക്ക് ക്രമമായി വേർതിരിക്കണം. ഇവയെല്ലാം സമർത്ഥമായി ചെയ്യാൻ ഗണിതശാസ്ത്രത്തിന്റെ പ്രാഥമിക പാഠങ്ങൾ ഒഴിച്ചു കൂടാൻ പാടില്ല തന്നെ.

ഗണിതശാസ്ത്രം പഠിക്കുമ്പോൾ ആ വിഷയം അഭ്യസിക്കുക മാത്രമല്ല നാം ചെയ്യുന്നത്. മനുഷ്യർക്ക് പ്രയോജനകരമായ മറ്റെല്ലാ വിഷയങ്ങളുടെ അഭ്യാസത്തിനും ആവശ്യമായ മുന്നെരിവ് നേടുകയും ചെയ്യുന്നു.

ഭൗതിക ശാസ്ത്രത്തിലെ പ്രധാനപ്പെട്ട തത്വങ്ങളെല്ലാം ആവിഷ്ക്കരിച്ചിട്ടുള്ളത് ഗണിതശാസ്ത്രത്തിന്റെ സഹായത്തോടെയാണ്.ഓർഗാനിക് കെമിസ്ട്രി തുടങ്ങിയ ശാഖകളിൽവളരെ ഗഹനങ്ങളായ ഗണിത ശാസ്ത്ര തത്വങ്ങളുടെ പ്രയോഗം കാണാം.. പ്രകൃതി ശാസ്ത്രത്തിലും ഗവേഷണ പ്രവർത്തനങ്ങൾക്ക് സാംഖികത്തിലുള്ള ജ്ഞാനം അവശ്യം വേണ്ടിയിരിക്കുന്നു.വ്യാപ്തം, വരവുചെലവുകൾ തുടങ്ങിയവയിൽ അധിഷ്ഠിതമായ ധന ശാസ്ത്രത്തിലും ഗണിതശാസ്ത്രം കൂടിയേ തീരു.ബുദ്ധി അളന്നു തിട്ടപ്പെടുത്തുന്നതിന് മനശ്ശാസ്ത്രത്തിലും ഗണിതശാസ്ത്രം ഉപയോഗപ്പെടുത്തിയിരിക്കുന്നു. തർക്കശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും ഗണിതത്തിന്റെ സ്വാധീനം നമുക്ക് കാണാം. താളവും അനുപാതവും ഗണിതശാസ്ത്രത്തിന്റെ ജീവനാണ്. അതായത് പ്രധാനപ്പെട്ട വിജ്ഞാനശാഖകളെല്ലാം ഗണിതശാസ്ത്രവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

വിസ്മയ ലാലിമോൻ
9B



mangalam maga
Saturday, January 26, 2019 2:02:01 PM

# ഗണിത ചൊല്ലുകൾ

1 ഒരു മരത്തിലുള്ള ആപ്പിളുകൾ നിങ്ങൾക്കെണ്ണാം. എന്നാൽഒരു ആപ്പിളുള്ള മരങ്ങൾ നിങ്ങൾക്കെണ്ണാനാവില്ല.

2 ഇരുപതാം വയസ്സിൽ ഇച്ഛാശക്തി ഭരിക്കുന്നു, മുപ്പതിൽ പാണ്ഡിത്യം ഭരിക്കുന്നു. നാല്പതിൽ നിരീക്ഷണം ഭരിക്കുന്നു.

3 രണ്ട് ആനകൾ തമ്മിൽ പോരാടുമ്പോൾ അവയ്ക്കു കീഴിലെ പുല്ലാണ് വിഷമിക്കുന്നത്.

4 ഇന്നത്തെ ഒരു മണിക്കൂറിന് നാളത്തെ രണ്ടു മണിക്കൂറിന്റെ വിലയുണ്ട്.

5 പൂജ്യം എല്ലാത്തിന്റെയും തുടക്കവും ഒടുക്കവുമാണ്.

6 കടം കൊടുക്കുന്നവന് വാങ്ങുന്നവനേക്കാൾ ഓർമ്മ ശക്തിയുണ്ടാകും.

7 കടം കൊടുക്കുന്നവനോ വാങ്ങുന്നവനോ ആകാതിരിക്കുക.

8 വാങ്ങുന്നവനു നൂറു കണ്ണുകൾ വേണം. വിൽക്കുന്നവന് ഒന്നും വേണ്ട.

9 നിറഞ്ഞ മടിശീലയ്ക്ക് ഒരിക്കലും സുഹൃത്തുക്കൾ കുറയുന്നില്ല.

10 പങ്കിടപ്പെടുന്ന ദു:ഖം പകുതിയായി മുറിയുന്നു. പങ്കിടപ്പെടുന്ന സന്തോഷം ഇരട്ടിക്കുന്നു.

11 ചെസ്സ് കളിയിലെന്നപോലെ ജീവിതത്തിലും ദീർഘ വീക്ഷണം വിജയിക്കുന്നില്ല.

12 എല്ലാ കയറിനും രണ്ടറ്റമുണ്ട്.

13 ഒരു തൂണിന് എങ്ങനെ വലിയ വീട് പണിയാനാകും.

14 ചതിക്കപ്പെടാതിരിക്കാൻ മൂന്ന് കടകളിൽ വില ചോദിക്കുക.

15 നല്ല കൂട്ടുകാരൻ നീണ്ട പാതയുടെ നീളം കുറയ്ക്കുന്നു.

16 കൊച്ചു തുള്ളികൾ മഹാ സമുദ്രത്തെ ഉണ്ടാക്കുന്നു.

അനുശ്രീ രാമദാസ്
9 D



mangalam maga
Saturday, January 26, 2019 2:02:01 PM

## ഓർമ്മ കുറിപ്പ്

# സ്ലേറ്റ് പെൻസിൽ

ജീവിതത്തിൽ നമ്മൾ എന്നും ഓർക്കാൻ ആഗ്രഹിക്കുന്ന ഒരുകാലം. അത് ബാല്യകാലം അല്ലാതെ മറ്റെന്താണ്? നമ്മൾ ആഗ്രഹിക്കുന്നതെല്ലാം നേടിത്തരുന്ന കാലം! കഴിഞ്ഞകാലത്തിലേക്ക് തിരിച്ചുപോകാൻ ഒരു അവസരം കിട്ടിയാൽ നാം എല്ലാവരും പോകാനാഗ്രഹിക്കുന്നത് ബാല്യകാലത്തിലേക്ക് തന്നെ ആയിരിക്കും. പ്രത്യേകിച്ച് നമ്മുടെ പ്രൈമറി സ്കൂൾകാലഘട്ടം. നമ്മൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നതും ഓർമിക്കുന്നതും പ്രൈമറി സ്കൂൾ കാലഘട്ടം തന്നെയാണ്. എന്റെ ബാല്യകാലത്തെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് ലോവർ പ്രൈമറിയിൽ ഞാൻ പഠിച്ച കാലമാണ്. ഞാൻ പഠിച്ച സ്കൂളും അവിടുത്തെ അധ്യാപകരും ഇന്നും മായാതെ മറയാതെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

എന്റെ പള്ളിക്കുടം ആറാട്ടുപുഴ പഞ്ചായത്തിലെ കള്ളിക്കാട് എന്ന സ്ഥലത്തെ ഒരു ചെറിയ സ്കൂൾ. ഓടിട്ട ഒരു നാലുമുറികെട്ടിടം. സമീപത്തായി ഒരു പഴയ ക്രിസ്ത്യൻ പള്ളി സെന്റ് സെബാസ്റ്റ്യൻലോവർ പ്രൈമറി സ്കൂൾ അതായിരുന്നു സ്കൂളിന്റെ പേര്. പള്ളിയുടെ പേരിലുള്ളതായിരുന്നു സ്കൂൾ.കുട്ടിക്കാലത്ത് സ്കൂളിന്റെ പേരുപറയാനും എഴുതാനും ഞാൻ ഓത്തിരി പ്രയാസപ്പെട്ടിട്ടുണ്ട്. അന്നത്തെ മുതിർന്നവരുടെ ഒരു തമാശ കൊച്ചുകുട്ടികളെകൊണ്ട് സ്കൂളിന്റെ പേര് ഉച്ചരിപ്പിക്കുന്നതായിരുന്നു.

ഒന്നാം ക്ലാസിൽ ചേർക്കാൻ കൊണ്ടുപോയത് ചിറ്റപ്പൻ ആയിരുന്നു. അന്നത്തെ കാലത്ത് ഒന്നാം ക്ലാസിൽ ചേർക്കുന്നതിനുമുമ്പായി പ്രതിരോധകുത്തിവെയ്പ് അച്ചുകത്ത് എടുക്കണമായിരുന്നു. അച്ചുകുത്ത് ഒരു പേടിസ്വപ്നം ആയിരുന്നു എനിക്ക് ആദ്യമായി സ്കൂളിൽ പോയത് ചേച്ചിയോടൊപ്പം ആയിരുന്നു. അന്ന് ഇന്നത്തെപോലെ പ്രവേശനോത്സവം ഒന്നും ഇല്ലായിരുന്നു. ആദ്യത്തെ ദിവസം പെട്ടെന്നു തന്നെ സ്കൂളിൽ നിന്നും തിരിച്ചുപോയതായിട്ടാണ് ഓർമ്മ.എന്റെ ഗുരുനാഥന്മാർ സൗമ്യനും സദാ പുഞ്ചിരിക്കുന്നതുമായ ഹെഡ്മാസ്റ്റർ സുകുമാരൻ സാർ. എപ്പോഴും വെറ്റമുറുക്കുന്ന ബെഞ്ചമിൻ സാർ, കൊമ്പൻമീശയുള്ള നെപ്പോളിയൻ സാർ, അൽപ്പം ഇരുണ്ട നിറമുള്ള മെലിഞ്ഞ ദേവകിടീച്ചർ,വെളുത്ത സുന്ദരിയായ മോളിക്കുട്ടി ടീച്ചർ,വെളുത്ത മെലിഞ്ഞ അൽപം പ്രായം തോന്നിപ്പിക്കുന്ന തയ്യൽ ടീച്ചർ, ദേവകിടീച്ചറിന് നല്ല നീളമുള്ള മുടിയുണ്ടായിരുന്നു. ടീച്ചർ മാവേലിക്കര നിന്നാണ് വരുന്നത്. ഒന്നാം ക്ലാസിലെ എന്റെ ക്ലാസ് ടീച്ചർ ആയിരുന്നു ദേവകിടീച്ചർ. എല്ലാവരും നല്ല സ്നേഹ വാത്സല്യങ്ങൾ നിറഞ്ഞവരും നന്നായി പഠിപ്പിക്കുന്നവരും ആയിരുന്ന. അവർ പകർന്നുതന്ന പാഠ



mangalam maga
Saturday, January 26, 2019 2:02:01 PM

ങ്ങൾ ഇന്നും മറന്നിട്ടില്ല. ചിത്രശലഭത്തിന്റെ ജീവിത ചക്രവും മഷിത്തണ്ടു
ചെടിയിൽ നടത്തിയ പരീക്ഷണവും എല്ലാം ഇന്നലെയെന്നപോലെ മന
സ്സിൽ തെളിയുന്നു.കണക്കുപഠിപ്പിക്കുന്ന ബെഞ്ചമിൻസാറും മലയാളം
പഠിപ്പിക്കുന്ന നെപ്പോളിയൻ സാറും നന്നായി പിച്ചുകയും അടിക്കു
കയും ചെയ്യുന്നതുകൊണ്ട് എല്ലാ കുട്ടികൾക്കും പേടിയായിരുന്നു.

ഞാൻ രണ്ടാം ക്ലാസിൽ പഠക്കുമ്പോൾ മോളിക്കുട്ടി ടീച്ചർ ആയിരുന്നു
ക്ലാസ് ടീച്ചർ.ടീച്ചർ കനകക്കുന്നിൽ വാടകക്ക് താമസിക്കുകയായിരുന്നു
ടീച്ചർ എന്നും ഉച്ചയ്ക്ക് അക്കരെ വീട്ടിൽ പോകുമായിരുന്നു ടീച്ചറിന്
ഇരട്ടകുട്ടികൾ ഉണ്ടെന്നും അവർക്ക് പാലുകൊടുക്കാനാണ് ടീച്ചർ
പോകുന്നതെന്നും മറ്റുകുട്ടികൾ പറഞ്ഞ് പിന്നീട് അറിഞ്ഞു.

സ്കൂളിൽ അന്ന് സ്ഥലപരിമിതിമൂലം 1,2,3 ക്ലാസുകളിൽ ഷിഫ്റ്റ്
സമ്പ്രദായം ആയിരുന്നു. രണ്ടാം ക്ലാസിൽ ഉച്ചയ്ക്കായിരുന്നു ക്ലാസ്.
ഉച്ചയ്ക്ക് കുട്ടികൾക്ക് ഉപ്പുമാവ് ഉണ്ടായിരുന്നു. ചിലദിവസം ഉപ്പുമാവ്
കാണത്തില്ല അന്ന് ഉപ്പുമാവിന് പാത്രം കൊണ്ടുവരുന്ന കുട്ടികളെ
മറ്റുകുട്ടികൾ കളിയാക്കി പാടുന്ന ഒരു പാട്ടുണ്ട്. ഉപ്പുമാവും കൊണ്ടോ
ടുന്നേ പാലും കൊണ്ട് ഒടുന്നേ.. അന്ന് ആ പാട്ട് കേൾക്കുന്നത് വലിയ
നാണക്കേടായി തോന്നിയിരുന്നു. മൂന്നാം ക്ലാസുവരെ സ്ലേറ്റും
പെൻസിലും നിർബന്ധമായിരുന്നു. നാലാം ക്ലാസുമുതൽ ആണ്
എല്ലാ വിഷയത്തിന് ബുക്ക് വേണമെന്ന് നിർബന്ധമാക്കിയത്. ഞാൻ
മൂന്നാം ക്ലാസിൽ പഠിക്കുന്ന കാലം ഞങ്ങളുടെ സ്കൂളിൽ വെച്ച്
ബാലകലോത്സവം നടത്തി അന്ന് ചിത്രരചന, ഒമിറ ൃശശേിഴ ഗദ്യവാ
യന, എന്നിവയ്ക്ക് എനിക്കായിരുന്നു ഒന്നാം സ്ഥാനം. പിന്നീട്
ഞങ്ങളെ കരുവാറ്റ ഒരു സ്കൂളിൽ മത്സരത്തിന് കൊ ണ്ടുപോയി അന്ന്
ബസ് ഒന്നും ഈ പ്രദേശത്ത് ഇല്ലായിരുന്നു കെട്ടുവള്ളത്തിലായിരുന്നു
ഞങ്ങൾ പോയത് അന്ന് സമ്മാനം കിട്ടിയതായി ഓർമ്മയില്ല. നാലാം
ക്ലാസിൽ പഠിക്കുമ്പോൾ അമ്പലപ്പുഴ ഉപജില്ലാ ബാലകലോത്സവത്തിന്
ഒമിറ ൃശശേിഴ ന് ഒന്നാം സ്ഥാനം എനിക്കായിരുന്നു. ആ സർട്ടിഫി
ക്കറ്റ് ഇന്നും ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. കൂടാ
തെ സ്കൂളിൽ നിന്ന് എനിക്ക് ഒരു നല്ല ഇൻസ്ട്രമെന്റ് ബോക്സും
പേനയും സമ്മാനമായി നൽകി.ഗുരുത്വത്തെക്കുറിച്ച് എന്നെ പഠിപ്പി
ച്ചത് എന്റെ കുട്ടിപ്പള്ളിക്കുടം ആശാൻ ആയിരുന്നു ആദ്യമായി
അക്ഷരം പഠിക്കാൻ പോയ ദിവസം ആശാന്റെ തലയിൽ മണ്ണുവാരിയി
ട്ടെന്ന് അമ്മയും ചേച്ചിമാരും പറഞ്ഞുകേട്ടിട്ടുണ്ട്. അതുകൊണ്ടാണോ
എന്നറിയില്ല ഞാൻ ഡിഗ്രിക്കുപഠിക്കുന്ന കാലം വരെ എന്നെ എപ്പോൾ
കണ്ടാലും ആശാൻ പറയും ഗുരുത്വം വേണമെന്ന് ഞാനും എപ്പോഴും
കുട്ടികളോട് പറയാറുണ്ട്, ഏറ്റവും വലുത് ഗുരുത്വം ആണെന്ന്.

എന്നെ ഒന്നാം ക്ലാസുമുതൽ നാലാം ക്ലാസുവരെ പഠിപ്പിച്ച അധ്യാപ
കർ പലരും കാലയവനികക്കുള്ളിൽ മറഞ്ഞു ദേവകിടീച്ചറും മോളി
ക്കുട്ടി ടീച്ചറും അവരെക്കുറിച്ച് പിന്നീട് ഒന്നും അറിഞ്ഞിട്ടില്ല.എന്നാലും
അവർ പഠിപ്പിച്ച പാഠങ്ങൾ ,അവരുടെ മുഖങ്ങൾ എല്ലാം മനസ്സിന്റെ
കണ്ണാടിയിൽ തിളങ്ങി നിൽക്കും.

നിഷ്കളങ്കമായ കുട്ടിക്കാലം ! സ്ലേറ്റുപെൻസിലിനും മഷിത്തണ്ടിനും
വേണ്ടി വഴക്കിട്ടകാലം! ഉണ്ണിമാങ്ങയും നെല്ലിപ്പുളിയും സ്നേഹപൂർവ്വം
പങ്കുവെച്ച കാലം! അതല്ലാതെ മറ്റെന്താണ് ജീവിത്തിലെ മറക്കാനാ
വാത്ത കാലം? ഒരുവട്ടം കൂടിയാ... പഴയ വിദ്യാലയ.....

കെ. മിനിടീച്ചർ



mangalam maga
Saturday, January 26, 2019 2:02:01 PM

# കണ്ണേ...മടങ്ങുക!

കുറച്ചു ദിവസം നിർത്താതെയുണ്ടായ ഒരു മഴയിൽ ജീവൻ ത്യജിക്കേണ്ടി വന്നത്ആയിരങ്ങൾ. ടി.വിയിലും മറ്റ് മാധ്യമങ്ങളിലുമെല്ലാംശരീരം തളർത്തുന്ന കാഴ്ചകൾ. സ്വന്തം വീടും നാടുമെല്ലാം ഉപേക്ഷിച്ച് മറ്റൊരു ദേശം പോകേണ്ട സാഹചര്യം. ഒരൊറ്റ ശ്വാസത്താൽ ജീവൻ വെടിയും എന്ന ഉറപ്പോടെ സമാധാനത്തെ ഉറങ്ങുക പോലും ചെയ്യാതെമുമ്പോട്ടു പോയ ദിവസങ്ങൾ. ഇതൊക്കെ കണ്ടും കേട്ടും ഓരോ ദിവസവും തള്ളി നീക്കുമ്പോൾ ആയിടെയാണ് ഞങ്ങളുടെ വീടിന്റെ വടക്കേ വീട്ടിൽ സഞ്ചികളും പാത്രങ്ങളുമൊക്കെയായി ഒരു കുടുംബംവരുന്നത്. എന്റെ ശ്രദ്ധയിൽ പെട്ടത്.കെട്ടിച്ചയക്കാൻ പ്രായമായ മൂന്ന് പെൺമക്കൾ. മനസ്സലിയിക്കുന്ന കാഴ്ച. വരാനുള്ള കാരണം എന്തെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു. എന്റെ ഭർത്താവ് കുട്ടികളുടെ ചെറുപ്പത്തിൽ തന്നെ രോഗ ബാധിതനായിരുന്നു. ഞങ്ങളുടെ വീട് കുട്ടനാട്ടിലാണ്. മരണക്കിടക്കയിൽ കിടന്ന എന്റെ ഭർത്താവിനെ പേമാരിപോലെ വന്ന് ആ മഴ എന്നെന്നേക്കുമായി ഞങ്ങളിൽ നിന്ന് പിരിച്ചു.ആ ദു: ഖത്തിൽ ഇരിക്കുമ്പോഴാണ് രക്ഷാപ്രവർത്തകർ എല്ലാവരെയും രക്ഷിച്ചു കൊണ്ടുപോകുന്നഞങ്ങൾ അറിയുന്നത്.അപ്പോഴാണ് എന്റെ ഇളയുമ്മയുടെ മകൻ രക്ഷാപ്രവർത്തനത്തിന് ഞങ്ങളുടെ വീട്ടിൽ എത്തി.ഞാൻ വിചാരിച്ചുഅവൻ ഞങ്ങളെ ദുരിതാശ്വാസ ക്യമ്പിലേക്കാണ് കൊണ്ടുപോകുന്നത് എന്ന് . പക്ഷേ അവൻ ഞങ്ങെ ഇളയുപ്പയെ വിളിച്ച് അദ്ദേഹത്തിന്റെ കൂടെ അവന്റെറ വീടായ ഇവിടേക്കയച്ചു.ഞാൻ ചോദിച്ചു. അപ്പോൾ നിങ്ങളുടെ വീട് ? അവൾ പറഞ്ഞു ആ മഴയുടെ കുത്തൊഴുക്കിൽഒരുഭാഗം ഇടിഞ്ഞുപോയി.എന്റെ മൂത്ത മകളുടെ കല്യാണം ഉറപ്പിച്ചിരിക്കുകയായിരുന്നു. അവളെ കെട്ടിച്ചയക്കാൻ കരുതി വച്ചതായി ഒന്നും തന്നെയില്ലായിരുന്നു. ആകെയുള്ള സമ്പാദ്യം ഞങ്ങളുടെ വീടായിരുന്നു ഇപ്പോൾ അതും പോയിക്കിട്ടി.ഹൃദയം വിതുമ്പി അവർ എന്നോടു പറഞ്ഞു.എന്തൊരു അവസ്ഥയാണ് അല്ലേ.ഹാ.. ഇനി അവരുടെ ജീവിതം എങ്ങനെയൊക്കെയാവും മുന്നോട്ടു പോവുക.

ഇതത്രയും വലിയൊരു ദുരന്തം ഇതിന് മുമ്പെങ്ങും വന്നിട്ടേയില്ല ലക്ഷോപലക്ഷം ജനങ്ങൾ വീടും നാടുമൊക്കെ നഷ്ടപ്പെട്ട് ഇന്നു ദുരിതാശ്വാസ ക്യാമ്പിൽ അഭയം പ്രാപിച്ചിരിക്കുന്നു. വർഗ്ഗീയതയുടെ വിഷം മനസ്സിൽ വച്ചു പുലർത്തിയ ഒരു കൂട്ടം ജനത ഇന്ന് ഒരു വീട്ടിൽ ഒരേ വസ്ത്രം ധരിച്ച് ഒരു പാതത്രത്തിൽ കഴിച്ച് ജീവിക്കുന്നു. ലോകത്തിൽ ദൈവം തന്ന സൗഭാഗ്യങ്ങളിൽ അഹങ്കരിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് ഈ പ്രളയ ദുരന്തം ഒരു പാഠമായിരിക്കട്ടെ....

അമീന
8A



mangalam maga
Saturday, January 26, 2019 2:02:02 PM



# കായിക മികവ്

കായിക ഭൂപടത്തിൽ നേട്ടങ്ങളുടെ നിറവിൽ
മംഗലം സ്കൂൾ മുന്നോട്ട് 2018-19 ൽ അമ്പലപ്പുഴ
സബ്ജില്ലാ കായികമേളയിൽ
മംഗലം ഗവ: ഹയർ സെക്കന്ററി
സ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി

ഗയിംസ് വിഭാഗത്തിൽ Soft Ball State
ചാൻമ്പ്യഷിപ്പിൽ രണ്ടാ സ്ഥാനം
നേടിയ ആലപ്പുഴജില്ലാ ടീമിൽ മംഗലം സ്കൂളിലെ
നാല് കട്ടികൾ പങ്കെടുത്തിരന്നു.
Throw Ball ൽ
2 കട്ടികൾ ചാൻമ്പ്യൻ ഷിപ്പിൽ മൂന്നാം
സ്ഥാനംനേടി 6 കൂട്ടികൾക്ക് Grace Mark
അർഹതനേടുകയും ചെയ്യ്തു

ചന്ദ്രി ടീച്ചർ



mangalam maga
Saturday, January 26, 2019 2:02:02 PM



# സങ്കലനം

ഒന്നും  ഒന്നും രണ്ടാണേ
ഒന്നിച്ചു '"കൊമ്പുകൾ" രണ്ടാണേ
രണ്ടും ഒന്നും മൂന്നാണേ
തേങ്ങാക്കണ്ണുകൾ മൂന്നാണേ
മൂന്നും ഒന്നും നാല്ണേ

മാനിനു കാലുകൾ നാലാണേ
നാലും ഒന്നും അഞ്ചാണേ
കാലിൽ വിരലുകൾ അഞ്ചാണേ
അഞ്ചും ഒന്നും ആറാണേ
വണ്ടിനു കാലുകൾ ആറാണേ
ആറും ഒന്നും ഏഴാണേ
ആഴ്ചയ്ക്കേഴു ദിനമാണേ

അനുശ്രീ രാമദാസ്



mangalam maga
Saturday, January 26, 2019 2:02:02 PM



## കവിത

# സ്നേഹനിലാവ്

ഇഷ്ടമാണെന്നൊരു വാക്ക്
നീ ചൊല്ലുവാൻ
നിത്യവും നിൻമുന്നിൽ ഞാൻ എത്തിടുമ്പോൾ
നിന്റെ കൊലുസിന്റെ നാദങ്ങളിൽ
നിൻ വാർമുടിച്ചുരുളിൽ തിരുകിയ
തുളസിക്കതിരിൻ ഗന്ധമേറ്റുതാനേ
മറന്നൊന്നു നിന്നിടുന്നു
ഇഷ്ടമല്ലൊന്നൊരു വാക്ക് നീ ചൊല്ലിയാൽ
നിലച്ചു പോകുമെൻ സ്നേഹ സ്പന്ദനം.
പാടവരമ്പിലൂടെ നടക്കുന്ന നിൻ രൂപം
എന്റെ ഓർമ്മയിൽ നിലാവാകുന്നു.
നിന്റെ ഒരു വാക്കിൻ മധുരം
എൻ ജീവിത ചന്ദ്രികയാകുന്നു.

സി.എ. അമർനാഥ് (10 B)



mangalam maga
Saturday, January 26, 2019 2:02:02 PM



# സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

കേരള സംസ്ഥാന ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ നടത്തി വരുന്ന പദ്ധതിയാണ് എസ്.പി.സി എന്ന പേരിൽ അറിയപ്പെടുന്ന സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി മംഗലം ഗവ: ഹയർ സെക്കന്ററി സ്കൂളിൽ ഈ പദ്ധതിയുടെ ഭാഗമായി ആദ്യ ബാച്ചിന്റെ ഉദ്ഘാടനം 2016 ആഗസ്റ്റ് 3-ാം തീയതി ബഹുമാന്യനായ ഹരിപ്പാട് എം.എൽ എ ശ്രീ. രമേശ് ചെന്നിത്തല നിർവ്വഹിച്ചു. എഴുത്തുപരീക്ഷ, കായിക ക്ഷമതാ പരീക്ഷയിലൂടെ തെരഞ്ഞെടുത്ത 22 ആൺകുട്ടികളും 22 പെൺകുട്ടികളും ചേർന്നതാണ് ഒരു യൂണിറ്റ്.

നിയമത്തെ സ്വമേധയാ അനുസരിക്കുകയും സാമൂഹ്യ പ്രതിബദ്ധതയും സേവന തത്പരതയും സഹജീവി സ്നേഹവും പരിസ്ഥിതി സംരക്ഷകരും ഉയർന്ന നേതൃത്വശേഷിയും ലഹരിക്കെതിരായും മറ്റ് സാമൂഹ്യ തിൻമകൾക്കെതിരായും പ്രവർത്തിക്കുന്ന കർമ്മേത്സുകരായ യുവതലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്. സംസ്ഥാന പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ ഒരു സംസ്ഥാന കമ്മറ്റിയും സംസ്ഥാന സെക്രട്ടറിയേറ്റുമാണ് ഈ പദ്ധതിയുടെ ചുമതലക്കാർ. ജില്ലാ തലത്തിൽ എസ്. പി. ജില്ലാ നോഡൽ ഓഫീസർ,അസിസ്റ്റന്റ് ജില്ലാ നോഡൽ ഓഫീസർ എന്നിവർക്കാണ് ചുമതല. സർക്കിൾ ഇൻസ്പെക്ടർ പി.എസ്.എൽ ഒ ആയ പദ്ധതിയുടെ ചുമതല സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്കാണ്.

എസ്.പി.സി പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് സ്കൂളിൽ നിന്ന് രണ്ട് അധ്യാപകരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായും പോലീസ് സ്റ്റേഷനിൽ നിന്ന് കായിക പരിശീലനത്തിനായി ഒരു പോലീസുകാരനും ഒരു വനിതാ പോലീസുകാരിയെയും ചുമതലപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന സെക്രട്ടറിയേറ്റിൽ നിന്നുള്ള മാസകലണ്ടർ പ്രകാരം എല്ലാ ബുധനാഴ്ചകളിലും 4 മണിമുതൽ 5.30 വരെയും ശനിയാഴ്ചകളിൽ 5 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെയുമാണ് പരിശീലനപാരിപാടികൾ നടത്തപ്പെടുന്നത്. കായിക പരിശീലനത്തിലൂടെ ഉയർന്ന കായിക ക്ഷമത ഉറപ്പുവരുത്തുകയും ഒപ്പം മൂല്യങ്ങൾ വളർത്തുന്നതിനായുള്ള ബൗദ്ധിക-മാനസിക ശാക്തീകരണത്തിന് അനുയോജ്യമായ ധാനപ്പെട്ട ഏതാനും കാര്യങ്ങൾ മാത്രം ഇവിടെ പ്രതിപാദിക്കുന്നു.



mangalam maga
Saturday, January 26, 2019 2:02:02 PM

ഇൻഡോർ ക്ലാസുകൾ സംഘടിപ്പിക്കുന്നു. കേഡറ്റുകൾക്ക പോലീസ് യൂണിഫോം,പി.ടി ഡ്രസ്സ് എന്നിവക്കൊപ്പം ഭക്ഷണവും നൽകപ്പെടുന്നു. അവധിക്കാല ക്യാമ്പുകൾ,പരിസ്ഥിതി പഠനയാത്രകൾ,സർക്കാർ സംവിധാനങ്ങൾ പരിചയപ്പെടൽ എന്നിവ പരിശീലനത്തിന്റെ ഭാഗമാണ്.

സ്കൂൾ കലോത്സവങ്ങൾ, മറ്റ് പൊതുപരിപാടികൾ, ജനക്ഷേമജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവക്കൊപ്പം സ്കൂളിന്റെ അച്ചടക്കം പഠനപുരോഗതി ശുചിത്വ-ആരോഗ്യ പ്രവർത്തനങ്ങൾ എന്നിവക്ക് പ്രാപ്തരാണ് പരിശീലനം ലഭിച്ച ഈ കേഡറ്റുകൾ ചുരുങ്ങിയ കാലയളവിനുള്ളിൽ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ മംഗലം എസ്. പി.സി യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്. പ്രപ്രധാനപ്പെട്ട ഏഃാ നും കാര്യങ്ങൾ മാത്രം ഇവിടെ പ്രതിപാദിക്കുന്നു.

1. പത്തനാപുരം ഗാന്ധിഭവൻ സന്ദർശിക്കാനും അവിടുത്തെ അന്തേവാസികൾക്കൊപ്പം സമയം പങ്കിടുകയും 10,000/- രൂപ സംഭാവന നൽകുകയും ചെയ്തു.
2. മംഗലം സ്കൂളിന് തെക്കുവശം കായംകുളം കായലിൽ അവസാനിക്കുന്ന തോടിന്റെ മലിനീകരണത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് പഞ്ചായത്തിൽ സമർപ്പിച്ചു.
3. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി റോഡരികിൽ വൃക്ഷത്തൈകൾ പരിപാലിക്കുന്നു.
4. ആരോഗ്യ ശുചിത്വ സർവ്വേ നടത്തി.
5 കൊതുകു നിർമ്മാജ്ജന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിച്ചു.
6. ആറാട്ടുപുഴ പി.എച്ച് സിയുമായി ചേർന്ന് ആറാട്ടുപുഴ ബസ് സ്റ്റാന്റ് പരിസരത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു.
7. ആറാട്ടുപുഴയുടെ ചരിത്ര രചനയുമായി ബന്ധപ്പെട്ട നാട്ടുവഴി എന്ന പദ്ധതിയുടെ ഭാഗമായി ചരിത്ര പ്രധാന സ്ഥലങ്ങൾ സന്ദർശിച്ച് വിവരശേഖരണം തുടർന്ന് ചരിത്ര സെമിനാർ എന്നവ നടത്തി.
8. സ്കൂളിൽ ജൈവ പച്ചക്കറി തോട്ടം, ഔഷധതോട്ടം എന്നിവ നടപ്പിലാക്കി.
9. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വലിച്ചെറിയാതെ അവ ശേഖരിച്ച് പുന: ചംക്രമണത്തിനും നൽകി വരുന്നു
10.പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നതിന് വിത്തുപേന നിർമ്മിചച് വിതരണം ചെയ്തു.
11. തൃക്കുന്നപ്പുഴ പോലീസുമായി സഹകരിച്ചുകൊണ്ട് സ്കൂളിന് സമീപത്തെ കടകളിൽ പുകയില ഉൽപന്നങ്ങൾക്കെതിരായ ബോധവൽക്കരണം റെയ്ഡ് എന്നിവ നൽത്തി.
12. റോഡ് ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുന്നതിന് ശുഭയാത്ര പദ്ധതി നടത്തി വരുന്നു.



mangalam maga
Saturday, January 26, 2019 2:02:02 PM

13.ശയ്യാവലംബിയായി കിടക്കുന്ന കൂട്ടുകാരെ അവരുടെ വീട്ടിൽ പോയി സന്ദർശിച്ച് സമ്മാനങ്ങൾ നല്കി.
14.ജലസംരക്ഷണ പ്രവർത്തനങ്ഹൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.
15. കേരളത്തെ മുക്കിയ മഹാപ്രളയത്തിൽപ്പെട്ട ആളുകൾക്ക് ദുരിതാശ്വാസ സാമഗ്രികൾ ശേഖരിച്ച് പല്ലന ക്യാമ്പിൽ എത്തിക്കുകയം അവരോടപ്പം ഒരു ദിവസം പങ്കിടുകയും ചെയ്തു.
16. എസ്.പി. സി ഭവന നിർമ്മാണ പദ്ധതിയിലേക്ക് 8100/- രൂപ സംഭാവന നൽകി.
17. വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ നന്ദന എന്ന എസ്.പി.സി കേഡറ്റിന്റെ ചികിത്സാ ഫണ്ടിലേക്ക് 5000/- രൂപ സമാഹരിച്ച് നൽകി.
18 പ്രളയദുരിതത്തിൽ അകപ്പെട്ട കുപ്പപ്പുറം സ്കൂളിലെത്തി കുട്ടികളോടൊപ്പം ഒരു ദിവസം ചെലവിടുകയും സ്കൂളിന് 5000/- രൂപ സംഭാവന നൽകുകയും ചെയ്തു.
സ്ലേറ്റുപെൻസിൽ ഒർമ്മക്കുറിപ്പ്

ഹബീബ് റഹ്മാൻ
കമ്മ്യൂണിസ്റ്റ് പോലീസ് ഓഫീസർ





mangalam maga
Saturday, January 26, 2019 2:02:02 PM




ഫാത്തിമ ജഹാൻ 9A



mangalam maga
Saturday, January 26, 2019 2:02:03 PM

# ജ്യാമിതീയ മിഴി



ആയിഷാ 9E



mangalam maga
Saturday, January 26, 2019 2:02:03 PM



ഫാത്തിമ ജഹാൻ 9A



mangalam maga
Saturday, January 26, 2019 2:02:04 PM



ആദിനാഥൻ 9A

# മറുമൊഴി

ജീവനം പൂർണ്ണതയിൽ
എത്തിക്കുന്നതിൽ മംഗലം സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
ഞങ്ങൾക്ക് പ്രചോദനവും വിലയേറിയ
അഭിപ്രായങ്ങളും നൽകിയ പ്രഥമ
അധ്യാപികയ്ക്കും അധ്യാപകർക്കും മറ്റ്
സുമനസ്സുകൾക്കും നന്ദി,നന്ദി!

അഞ്ജലി
എൽ എഡിറ്റർ




**ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്**
**ജി.എച്ച്. എസ് എസ് മംഗലം**



mangalam maga
Saturday, January 26, 2019 2:02:05 PM